# കേരള സർക്കാർ


## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തണ്ണിത്തോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി 9 - 608/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 03/10/2021
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തണ്ണിത്തോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി 9 - 608/2021 തീയ്യതി: 03/10/2021

## പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-02-2020 മുതൽ 31-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വിജയലക്ഷ്മി പി.കെ. | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 09-08-2021 | 31-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-08-2021 | 31-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ റ്റി അനിൽകുമാർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി സി.വീണ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സൂര്യപ്രഭ പി.സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ അരുൺകുമാർ എസ്സ്, സീനിയർ ഗ്രേഡ് ഓഡിറ്റർ(09.08.2021മുതൽ 18.08.2021 വരെ)

ശ്രീ ഷൈജു വൈ, സീനിയർ ഗ്രേഡ് ഓഡിറ്റർ(24.08.2021മുതൽ 31.08.2021 വരെ)

<u>(ബി)നിർവഹണാധികാരികൾ</u>

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി എം.വി അമ്പിളി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡിമിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 30-12-2020 |
| ശ്രീ കുട്ടപ്പൻ കെ.എ | പ്രസിഡന്റ് | 31-12-2020 | 31-03-2021 |
| ശ്രീ പി.സിജു | സെക്രട്ടറി | 01-04-2020 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പ്രമോജ് കുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി ആര്യ എസ്സ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. ബിനിരാജ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ ലക്ഷ്മി പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീമതി സൗമ്യ | അസിസ്റ്റന്റ് എൻജിനിയർ(പൂർണ്ണ അധിക ചുമതല) | 01-04-2020 | 21-04-2020 |
| ശ്രീ മുരളി | അസിസ്റ്റന്റ് എൻജിനിയർ | 22-04-2020 | 31-03-2021 |
| ശ്രീ സിബി മാത്യൂസ് | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീ അനിൽകുമാർ എം ആർ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ഡോ അരുൺ പ്രതാപ് | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2020 | 31-03-2021 |
| ശ്രീമതി ജയശ്രീ വി സി | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 23-06-2020 |
| ശ്രീമതി പ്രിയാദേവി എ.ആർ | ഹെഡ്മിസ്ട്രസ്സ് | 24-06-2020 | 31-03-2021 |
| ശ്രീമതി സുരേഷ്കുമാർ ആർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 10-11-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരിയമ്മ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-05-2020 |
| ശ്രീമതി ബേനസീർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-06-2020 | 31-03-2021 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: T Anilkumar (Audit Officer (HG), On 25-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: T Anilkumar (Audit Officer (HG), On 25-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: T Anilkumar (Audit Officer (HG), On 25-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Suryaprabha P.C (Asst. Audit Officer, On 25-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗത്തിൽ കുറവ്; ലാപ്സായത് 95.65 ലക്ഷം രൂപ<br>Written By: Suryaprabha P.C (Asst. Audit Officer, On 30-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-4-1 |
| 6 | ഗ്രാന്റ് വിനിയോഗ പത്രിക- അപാകങ്ങൾ<br>Written By: Suryaprabha P.C (Asst. Audit Officer, On 30-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-4-2 |
| 7 | പദ്ധതി അവലോകനം<br>Written By: T Anilkumar (Audit Officer (HG), On 25-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: T Anilkumar (Audit Officer (HG), On 25-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-6 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Suryaprabha P.C (Asst. Audit Officer, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-7 |
| 10 | സാമൂഹ്യ സുരക്ഷാ പെൻഷൻ അനർഹർ കൈപ്പറ്റി<br>Written By: Suryaprabha P.C (Asst. Audit Officer, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-7-1 |
| 11 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: T Anilkumar (Audit Officer (HG), On 25-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: T Anilkumar (Audit Officer (HG), On 25-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: T Anilkumar (Audit Officer (HG), On 25-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-10 |
| 14 | ഇ-ടെണ്ടർ ഫീസ് -പ്രത്യേക അക്കൌണ്ട് ആരംഭിച്ചില്ല. എക്സി. എഞ്ചിനീയറുടെ അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്ത തുക തിരികെ ലഭിച്ചില്ല<br>Written By: T Anilkumar (Audit Officer (HG), On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-11 |
| 15 | വെറ്ററനറി സർജൻ നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ<br>Written By: T Anilkumar (Audit Officer (HG), On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-12 |
| 16 | ആസ്തി സംരക്ഷണത്തിൽ വീഴ്ച; ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല | 1-13 |

| | | |
|---|---|---|
| | Written By: T Anilkumar (Audit Officer (HG), On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | |
| 17 | വൃദ്ധർക്ക് പകൽ വീട്- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല<br>Written By: T Anilkumar (Audit Officer (HG), On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-14 |
| 18 | ഭൌതിക സാഹചര്യം ഒരുക്കിയില്ല - 43.46 ലക്ഷം ചെലവിൽ നിർമ്മിച്ച കാർഷിക വിപണന കേന്ദ്രങ്ങൾ ഉപയോഗ ശുന്യം<br>Written By: T Anilkumar (Audit Officer (HG), On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-15 |
| 19 | പബ്ലിക് ടോയ്‌ലറ്റ് നിർമ്മാണം - നിഷ്ഫലമായ പദ്ധതി<br>Written By: T Anilkumar (Audit Officer (HG), On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-16 |
| 20 | ടെണ്ടറുകൾക്ക് മത്സര സ്വഭാവം ഇല്ല; ഇ-ടെണ്ടർ അവലംബിക്കുന്നത് അഭികാമ്യം<br>Written By: T Anilkumar (Audit Officer (HG), On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-17-1 |
| 21 | ടെണ്ടർ നടപടികൾ സുതാര്യമല്ല<br>Written By: T Anilkumar (Audit Officer (HG), On 29-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-17-2 |
| 22 | അവഗണനയിലാണ് ആയുർവേദാശുപത്രി; കെട്ടിടത്തിന്റെ അവസ്ഥ ശോചനീയം<br>Written By: T Anilkumar (Audit Officer (HG), On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-18 |
| 23 | പാർട്ട് ബിൽ കൈപ്പറ്റി പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ നിയമാനുസൃത നടപടിയില്ല<br>Written By: T Anilkumar (Audit Officer (HG), On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-19 |
| 24 | ലൈഫ്-ഭൂരഹിതർക്ക് ഭൂമി വാങ്ങൽ-സബ്സിഡി അനുവദിച്ചതിൽ അപാകം<br>Written By: Suryaprabha P.C (Asst. Audit Officer, On 30-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-20 |
| 25 | ഡെപ്പോസിറ്റ് പ്രവൃത്തികൾ -ചെലവഴിക്കാതെ ശേഷിക്കുന്ന തുക തിരികെ ഈടാക്കിയിട്ടില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 30-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-21 |
| 26 | മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല<br>Written By: Veena C (Asst. Audit Officer, On 30-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-22 |
| 27 | മരുന്നുകൾ ലഭ്യമായില്ല<br>Written By: Veena C (Asst. Audit Officer, On 29-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-23 |
| 28 | ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Veena C (Asst. Audit Officer, On 30-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-24 |
| 29 | സെക്യൂരിറ്റി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല<br>Written By: T Anilkumar (Audit Officer (HG), On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-25 |
| 30 | സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തിയിട്ടില്ല<br>Written By: T Anilkumar (Audit Officer (HG), On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-26 |
| 31 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം<br>Written By: Suryaprabha P.C (Asst. Audit Officer, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-27 |
| 32 | ജലജീവൻ മിഷൻ | 1-28 |

| | | |
|---|---|---|
| | Written By: Suryaprabha P.C (Asst. Audit Officer, On 01-09-2021)<br>Last Updated By: Johncy John (Computer Assistant, On 29-09-2021) | |
| 33 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-29 |
| 34 | സംയുക്ത പദ്ധതി അക്കൗണ്ടിൽ ചെലവഴിക്കാതെ ശേഷിക്കുന്നത് 54.38 ലക്ഷം രൂപ<br>Written By: Suryaprabha P.C (Asst. Audit Officer, On 02-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-30 |
| 35 | കരാറുകാർക്ക് സെൽഫ് ഡിക്ലറേഷൻ ഫാറം ഹാജരാക്കാതെ GST കോമ്പൻസേഷൻ അനുവദിച്ചു<br>Written By: T Anilkumar (Audit Officer (HG), On 02-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 1-31 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Veena C (Asst. Audit Officer, On 23-08-2021)<br>Last Updated By: Johncy John (Computer Assistant, On 03-09-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Veena C (Asst. Audit Officer, On 23-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Veena C (Asst. Audit Officer, On 23-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 03-10-2021) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Veena C (Asst. Audit Officer, On 23-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 03-10-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Veena C (Asst. Audit Officer, On 23-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 03-10-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Veena C (Asst. Audit Officer, On 23-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 03-10-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Veena C (Asst. Audit Officer, On 23-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 03-10-2021) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം<br>Written By: Veena C (Asst. Audit Officer, On 23-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 03-10-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Veena C (Asst. Audit Officer, On 23-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 03-10-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Veena C (Asst. Audit Officer, On 23-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 03-10-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബഡ്ജറ്റ്.

ഓഡിറ്റ് വർഷത്തെ ബജറ്റ് 10.02.2020-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് 19.02.2021-ലെ -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഷെഡ്യൂൾ B3- Capital Contribution ഇനത്തിൽ മുൻവർഷത്തെ തുക തന്നെയാണ് തൻവർഷത്തെ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നത്. ഗ്രാന്റ് ചെലവുകൾ എല്ലാം തന്നെ റവന്യൂ ചെലവുകളായി ഷെഡ്യൂൾ I – 6- ൽ അക്കൗണ്ട് ചെയ്തിരിക്കുന്നു. ഗ്രാന്റ് തുകകൾ ഉപയോഗിച്ച് സ്ഥിര ആസ്തികൾ സൃഷ്ടിച്ചപ്പോൾ ആയത് Capital Head -ൽ അക്കൗണ്ട് ചെയ്തില്ല.

2) ഷെഡ്യൂൾ B4- SSA ഇനത്തിൽ 186551 രൂപ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു. തൻവർഷം പലിശയിനത്തിൽ 3780 രൂപ വരവുണ്ട്. ചെലവില്ല. മുൻവർഷങ്ങളിൽ ലഭിച്ച തുക ചെലവഴിക്കാതെ അവശേഷിച്ചിരിക്കുകയാണ്. ആയത് ക്രമീകരിക്കേണ്ടതാണ്.

3) ഷെഡ്യൂൾ B4- Flood Relief Grant ഇനത്തിൽ 4232 രൂപ അവശേഷിച്ചിരിക്കുന്നു. ടി ഇനത്തിന് പ്രത്യേക ബാങ്ക് അക്കൗണ്ടില്ല. മുൻ വർഷവും പ്രസ്തുത തുക തന്നെ നീക്കിബാക്കിയായി കാണിച്ചിരുന്നു. ടി തുക ക്രമീകരിക്കേണ്ടതാണ്.

4) ഷെഡ്യൂൾ B4- Grants, Funds & Contributions For Specific Purpose ഇനത്തിൽ (Code No- 320200399) 24410 രൂപ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നു. ഇത് ഏത് ഇനത്തിൽ ലഭിച്ച തുകയാണെന്ന് വ്യക്തമല്ല. മുൻവർഷവും ഇതേ തുക തന്നെയാണ് നീക്കിബാക്കിയായി കാണിച്ചിരിക്കുന്നത്.

5) ഷെഡ്യൂൾ B4- Other Awards And Honours എന്ന ഇനത്തിൽ തൻവർഷം 200000 രൂപ ലഭിച്ചിരുന്നു. 183608 രൂപ ടി ഇനത്തിൽ ചെലവഴിച്ചു. 16392 രൂപ നീക്കിബാക്കിയുണ്ട്. എന്നാൽ ഷെഡ്യൂൾ B4 പ്രകാരം ടി ഹെഡ്ഡിൽ നീക്കിബാക്കി 12792 രൂപ. വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

6)ഷെഡ്യൂൾ B-5:- Secured Loans ഇനത്തിൽ 1864550 രൂപ തിരിച്ചടക്കാൻ അവശേഷിക്കുന്നതായി കാണിച്ചിരിക്കുന്നു. എന്നാൽ തൻവർഷം ടി ഇനത്തിൽ Source Deduction നടത്തിയിട്ടുണ്ട്. പ്രസ്തുത തുക Income & Expenditure ഷെഡ്യൂളിലോ Receipt & Payment ഷെഡ്യൂളിലോ കാണിച്ചിട്ടില്ല. മുൻവർഷവും ഇതേ തുക തന്നെയാണ് നീക്കിബാക്കിയായി കാണിച്ചിരിക്കുന്നത്.

7) ഷെഡ്യൂൾ B7:- വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിൽ 307010 രൂപ ബാധ്യതയായി കാണിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. Transaction Entry നടത്തുമ്പോൾ കൃത്യമായ Narration നടത്താത്തതിനാൽ ഇത് ആർക്ക് നൽകാനുള്ള തുകയാണെന്ന് വ്യക്തമല്ല.

8) ഷെഡ്യൂൾ B-9 :-Employees Liabilities -Net Salary Payable ഇനത്തിൽ ബാധ്യതയായി കാണിച്ചിരിക്കുന്ന തുക 547578 രൂപയാണ്. എന്നാൽ ശമ്പള ഇനത്തിൽ നൽകിയ തുക 549654 രൂപയാണ്. ബാധ്യത കാണിക്കാതെ ശമ്പള ഇനത്തിൽ അധിക തുക വിടുതൽ ചെയ്ത് നൽകി.

9)ഷെഡ്യൂൾ B-9 :- ലൈബ്രറി സെസ് ഇനത്തിൽ തൻവർഷം ലഭിച്ച തുക പൂർണ്ണമായും അടവാക്കിയില്ല.

10) ഷെഡ്യൂൾ B-11:- Roads Cement Concrete ഇനത്തിൽ മുൻവർഷത്തെ തുക തന്നെയാണ് കാണിച്ചിരിക്കുന്നത്. പുതിയതായി റോഡുകൾ കോൺക്രീറ്റ് ചെയ്തുവെങ്കിലും ആസ്തിയിൽ മാറ്റം വരുത്തിയില്ല.

11) ഷെഡ്യൂൾ B-11 :- Roads Tarreed ഇനത്തിൽ മുൻവർഷത്തെ തുക തന്നെയാണ് കാണിച്ചിരിക്കുന്നത്. പുതിയതായി ടാറിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചുവെങ്കിലും ആസ്തിയിൽ മാറ്റം വരുത്തിയില്ല.

12) ഷെഡ്യൂൾ B-11(A) :- Capital Work In Progress ഇനത്തിൽ 3024633 രൂപ പാർട്ട് പെയ്മെന്റ് നടത്തിയിരിക്കുന്നു. എന്നാൽ ഇത് ഏതൊക്കെ പ്രവൃത്തികൾക്ക് നൽകിയ തുകയാണെന്ന് അസ്സിസ്റ്റന്റ് എഞ്ചിനീയർ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

13) ഷെഡ്യൂൾ B-15 :- വസ്തുനികുതി- ഡിമാന്റ് (ഷെഡ്യൂൾ I-1), കളക്ഷൻ (ഷെഡ്യൂൾ RP-43), നീക്കിബാക്കി (ഷെഡ്യൂൾ B-15) തുകകൾ സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

14) ഷെഡ്യൂൾ B-15 :- Rent Receivables From Buildings (Current) ഇനത്തിൽ 1500 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി കാണിച്ചിരിക്കുന്നു. കുടിശ്ശിക രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ആയതിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

15) ഷെഡ്യൂൾ B-18:- Advance To KWA, Advance To KSEB വൻതുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണിച്ചിരിക്കുന്നു. പൂർത്തീകരിച്ച പ്രവൃത്തികളുടെ വിനിയോഗ രേഖകൾ വാങ്ങി അവ ആസ്തിയായി മാറ്റി പ്രസ്തുത ഷെഡ്യൂൾ ഇനങ്ങൾ കൃത്യാക്കേണ്ടതാണ്.

16) ഷെഡ്യൂൾ B-18 :- Temporary Advance For Official Purpose ഇനത്തിൽ 33760 രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണിച്ചിരിക്കുന്നു. അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ പ്രസ്തുത തുകയുടെ ആധികാരികത ബോധ്യപ്പെട്ടിട്ടില്ല.

17) ഷെഡ്യൂൾ RP-1 :- തൊഴിൽ നികുതി - ഷെഡ്യൂൾ I-1 പ്രകാരം ടി ഇനത്തിലെ ഡിമാന്റ് തുക 845310 രൂപ. എന്നാൽ RP-1 പ്രകാരമുള്ള കളക്ഷൻ തുക 813310രൂപയാണ്. വ്യത്യാസം 32000 രൂപ. പഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി (ശമ്പളത്തിൽ നിന്നും നേരിട്ട് കുറവ് ചെയ്യുന്ന തുക) Receipt & Payment ഷെഡ്യൂളിൽ കൃത്യമായി വരവ് രേഖപ്പെടുത്താത്തത് മൂലമാണ് ഇപ്രകാരം സംഭവിച്ചത്. ആയത് ക്രമീകരിക്കേണ്ടതാണ്.

18) ഷെഡ്യൂൾ RP-7 :- Development Fund (General) ഇനത്തിൽ സുലേഖ സോഫ്റ്റ് വെയറിലെ ചെലവ് സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള ചെലവ് 25586839 രൂപയാണ്. എന്നാൽ ഷെഡ്യൂൾ RP-7 പ്രകാരമുള്ള ചെലവ് 24897639 രൂപയാണ്. വ്യത്യാസം 689200 രൂപ. ജി.ഒ പ്രോജക്ടുകളിലെ ചെലവ് കൃത്യമായ ജേണൽ എൻട്രി നടത്തി വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

19) ഷെഡ്യൂൾ RP-29 : പഞ്ചായത്ത് ദുരിതാശ്വാസ നിധി സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ ടി ഇനത്തിലെ വരവ്, ചെലവ്, നീക്കിബാക്കി തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

20) ഷെഡ്യൂൾ RP-43 :- ഷെഡ്യൂൾ B-9 പ്രകാരം അഡ്വാൻസ് കളക്ഷൻ തുക 4700 രൂപയും ഷെഡ്യൂൾ RP-43 പ്രകാരം തൻവർഷത്തെ കളക്ഷൻ തുക 49900 രൂപയുമാണ്. എന്നാൽ രജിസ്റ്റർ പ്രകാരം അഡ്വാൻസ് കളക്ഷൻ തുക 700 രൂപയും തൻവർഷത്തെ കളക്ഷൻ തുക 49200 രൂപയുമാണ്. വ്യത്യാസം പൊരുത്തപ്പെടുത്തേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13495491 |
| വരവ് | 84655448 |
| ആകെ | 98150939 |
| ചെലവ് | 91533511 |
| നീക്കിയിരിപ്പ് | 6617428 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | നീക്കിയിരിപ്പിൽ | |
|---|---|---|---|---|---|---|---|
| | | | | | | ട്രഷറി ക്യൂബിൽ | 'ലാപ്സായ തുക |
| വികസനഫണ്ട് (ജനറൽ) | 0 | 29144000 | 29144000 | 26326380 | 2817620 | - | 2817620 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 3751934 | 3751934 | 3040760 | 711174 | - | 711174 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 168571 | 168571 | 95055 | 73516 | - | 73516 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 27813409 | 27813409 | 13241350 | 14572059 | - | - |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | | 11900000 | 11900000 | 4595300 | 7304700 | - | - |
| മെയിന്റനൻസ് | 0 | 10182000 | 10182000 | 7549269 | 2632731 | - | 2632731 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഗ്രാന്റ്-റോഡ് | | | | | | | |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 7849000 | 7849000 | 4519180 | 3329820 | - | 3329820 |

| സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
|---|---|---|---|---|---|
| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| വിമുക്തി | 24410 | 0 | 24410 | 0 | 24410 |
| ശുചിത്വ മിഷൻ | 1707083 | 1464961 | 3172044 | 1958783 | 1213261 |
| കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
| എം.ജി.എൻ.ആർഇ..ജി.എസ് | 229 | 43277225 | 43277454 | 43274571 | 2883 |
| ഐ.സി.ഡി.എസ്. | 1099347 | 491819 | 1591166 | 0 | 1591166 |

## 1-4-1 ഗ്രാന്റ് വിനിയോഗത്തിൽ കുറവ്; ലാപ്സായത് 95.65 ലക്ഷം രൂപ

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ സമയ ബന്ധിതമായി വിനിയോഗിക്കാത്തത് മൂലം തൻ വർഷം ഗ്രാന്റിനത്തിൽ ലഭിച്ച തുകയിൽ 9564861 രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ടു.

| ഗ്രാന്റിനം | ലാപ്സായ തുക |
|---|---|
| വികസനഫണ്ട് (ജനറൽ) | 2817620 |
| വികസനഫണ്ട് (എസ്.സി.പി) | 711174 |
| വികസനഫണ്ട് (ടി.എസ്.പി) | 73516 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 2632731 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 3329820 |
| ആകെ | 9564861 |

## 1-4-2 ഗ്രാന്റ് വിനിയോഗ പത്രിക- അപാകങ്ങൾ

ഗ്രാമപഞ്ചായത്ത് പരിശോധനയ്ക്കായി സമർപ്പിച്ച ഗ്രാന്റ് വിനിയോഗ പത്രികകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) വികസന ഫണ്ടിന്റെ ഒന്നും രണ്ടും മൂന്നും ഗഡുക്കൾ അനുവദിച്ചുകൊണ്ടുള്ള ധനകാര്യ വകുപ്പിന്റെ ഉത്തരവുകൾ പരിശോധിച്ചതിൽ നിന്നും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ അലോട്ട്മെന്റ് പ്രകാരമുള്ള തുക വരവായി എടുക്കുന്നതിന് പകരം സർക്കാർ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തതിന് ശേഷം പൊതു വിഭാഗത്തിൽ അനുവദിച്ച അറ്റ തുകയാണ് വരവ് എടുത്തിരിക്കുന്നതെന്ന് വ്യക്തമായി. ലൈഫ് പ്രോജക്ടിന്റെ മുതൽ തിരിച്ചടവ്, വോട്ടിംഗ് മെഷീൻ വാങ്ങൽ തുടങ്ങിയ ഇനങ്ങളിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക ജി.ഒ പ്രോജക്ടായി സുലേഖയിൽ ഉൾപ്പെടുത്തിയിട്ടുമില്ല. അങ്കണവാടി ജീവനക്കാരുടെ വേതനം ഇനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക 1033800(344600x3) ആണ്. എന്നാൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ജി.ഒ പ്രോജക്ട്, 143/2021 പ്രകാരം 689200 രൂപ മാത്രമേ(344600x2) ചെലവായി അക്കൗണ്ട് ചെയ്തിട്ടുള്ളൂ. ഇതുമൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വികസന ഫണ്ട് ജനറൽ /എസ്.സി.പി, റോഡിതര മെയിന്റനൻസ് ഗ്രാന്റ് എന്നിവയുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ കൃത്യമല്ല. സാംഖ്യ പ്രകാരമുള്ള അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ഈ അപാകതയുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വികസന ഫണ്ടിന്റെ വരവ്, ചെലവ് തുകകളിലെ വ്യത്യാസം ചുവടെ ചേർക്കുന്നു.

| ഫണ്ട് | ആകെ വരവ് | | ചെലവ് | | നീക്കിയിരിപ്പ് | |
|---|---|---|---|---|---|---|
| | അലോട്ട്മെന്റ് പ്രകാരം വരവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | യഥാർത്ഥ ചെലവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | യഥാർത്ഥ നീക്കിയിരിപ്പ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം |
| വികസന ഫണ്ട്(ജനറൽ) | 29144000 | 27715259 | 26326380 | 25586839 | 2817620 | 2128420 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി.) | 3751934 | 3634836 | 3040760 | 2923662 | 711174 | 711174 |
| മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്) | 7849000 | 7769613 | 4519180 | 4439793 | 3329820 | 3329820 |

2) ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ ഗ്രാന്റ് വിനിയോഗ പത്രികയിൽ സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത പദ്ധതി കളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്ക് പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

പരിശോധനയ്ക്കായി നൽകിയ ഗ്രാന്റ് വിനിയോഗ പത്രികയുടെ അപാകതകൾ തുടർനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 270 | 116497912 | 199 | 72620664 | 71 | 62.33 |

ഗ്രാമപഞ്ചായത്തിന്റെ 2019-20-ലെ വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. സ്റ്റേക്ക് ഹോൾഡർമാരുമായി ചേർന്ന് ഓരോ വിഷയമേഖലയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്ത് ആയതിന് അനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് കഴിഞ്ഞിട്ടില്ല. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളിൽ നടന്ന ചർച്ചകളുടെ വിവരങ്ങളോ, കൈക്കൊണ്ട തീരുമാനങ്ങളോ മിക്ക മിനിട്സിലും ഉണ്ടായിരുന്നില്ലെന്നത് പദ്ധതി ആസൂത്രണ നടപടിക്രമങ്ങളെ ലാഘവ ബുദ്ധിയോടെയാണ് വർക്കിംഗ് ഗ്രൂപ്പുകൾ സമീപിച്ചതെന്നതിന് തെളിവാണ്. പ്രോജക്റ്റ് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകിയിട്ടില്ല. പ്രോജക്ടുകളുടെ ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടുണ്ടോയെന്ന് മോണിട്ടർ ചെയ്യാത്തത് പദ്ധതിപ്പണത്തിന്റെ പാഴ്ച്ചെലവിൽ കലാശിച്ചിട്ടുണ്ട് (ഉദാ: പകൽ വീട് പദ്ധതി, തേക്കുതോട്, തണ്ണിത്തോട് വിപണന കേന്ദ്രങ്ങൾ).
2. ഗ്രാമപഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലേയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നതിന് പകരം വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതംവെച്ച് പശ്ചാത്തല മേഖലയിൽ താരതമ്യേന ചെറുതും, ഫലപ്രാപ്തി കുറഞ്ഞതുമായ പദ്ധതികൾ ഏറ്റെടുക്കുന്നു.
3. റോഡ് നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ മുഴുവൻ നീളത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തുന്നതിന് പകരം റോഡുകളെ വിഭജിച്ച് ചെറിയ നീളം കോൺക്രീറ്റ്/ടാറിംഗ് നടത്തുന്നതിന് പദ്ധതികൾ നടപ്പിലാക്കുന്നു.
4. മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ യഥാസമയം പ്രവൃത്തി പൂർത്തിയാക്കാതെ വർക്കുകൾ വ്യാപകമായി സ്പിൽ ഓവറാകുന്നു. യഥാസമയം പ്രവൃത്തി നടത്തുന്നതിൽ വീഴ്ചവരുത്തുന്ന കരാറുകാർക്കെതിരെ എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കുന്നില്ല.
5. മരാമത്ത് പ്രവൃത്തികളുടെ കാര്യത്തിൽ കൃത്യമായ മോണിറ്ററിംഗിന്റെ അഭാവത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നില്ല.
6. വ്യക്തി ഗത ആനുകൂല്യങ്ങളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ സുതാര്യത പാലിക്കുന്നില്ല. ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല.
7. സുതാര്യമായ പ്രോക്യൂർമെന്റ് നടപടി ക്രമങ്ങൾ പാലിച്ചല്ല ഓഡിറ്റ് വർഷം വിവിധ പദ്ധതികളുടെ ഭാഗമായി വാങ്ങലുകൾ നടത്തിയിട്ടുള്ളത്. ടെണ്ടർ കൂടാതെ വാങ്ങലുകൾ നടത്തി.

8. ഓഡിറ്റ് വർഷം ലഭിച്ച ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പട്ടിക വർഗ്ഗ വികസന ഫണ്ട് യഥാക്രമം 24,72% ഉം, 42.54% ഉം, റോഡിതര മെയിന്റനൻസ് ഫണ്ട് 60 ശതമാനവും, റോഡ് മെയിന്റനൻസ് ഫണ്ട് 33 ശതമാനവും മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

9. മെയിന്റനൻസ് ഫണ്ടും, വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ് ഇതര – റോഡ് ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക മെയിന്റനൻസ് പ്ലാൻ (ആസ്തി സംരക്ഷണ പരിപാലന പദ്ധതി) തയ്യാറാക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല. കൈമാറിക്കിട്ടിയ ആസ്തികളുടെ സംരക്ഷണത്തിന് സർക്കാർ അനുവദിക്കുന്ന റോഡ്/റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഫലപ്രദമായി ചെലവഴിക്കാതെ വലിയ തോതിൽ പാഴാക്കുന്നു.

10. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള പ്രത്യേക പദ്ധതികൾ - പ്രത്യേക ഘടക പദ്ധതി/ പട്ടികവർഗ്ഗ ഉപപദ്ധതി, ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി, വനിതാ ഘടക പദ്ധതി - അതിന്റെ ശരിയായ അർത്ഥത്തിൽ നടപ്പിലാക്കുന്നതിൽ ഗ്രാമപ്പഞ്ചായത്ത് ശ്രദ്ധപതിപ്പിച്ചിട്ടില്ല (ഉദാ: വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയ മിക്ക പ്രോജക്ടുകളും മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമല്ല).

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ വരവ് ചെലവ് കണക്കുകളുടെ വിവരം ചുവടെചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 229 | 1090360 | 1090589 | 1087706 | 2883 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 3237365 | 3237365 | 3237365 | 0 |
| 100 തൊഴിൽദിനം പൂർത്തിയാക്കിയവർക്ക് നൽകിയ ബോണസ് തുക | 0 | 0 | 0 | 0 | 0 |
| ആകെ | 229 | 43277225 | 43277454 | 43274571 | 2883 |

## 1-7 ക്ഷേമപദ്ധതികൾ

| പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 1519 | 21114300 |
| വിധവാ പെൻഷൻ | 657 | 10201000 |
| കർഷക തൊഴിലാളി പെൻഷൻ | 432 | 6548000 |
| മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 208 | 3089000 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 9 | 129000 |
| തൊഴിൽ രഹിത വേതനം | 10 | 6960 |

## 1-7-1 സാമൂഹ്യ സുരക്ഷാ പെൻഷൻ അനർഹർ കൈപ്പറ്റി

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ ഗുണഭോക്താക്കളുടെ പെൻഷൻ അവർ മരണപ്പെട്ടതിന് ശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കണ്ടെത്തി. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര്, പെൻഷൻ | ആധാർ നമ്പർ | മരണപ്പെട്ട തീയതി | പെൻഷൻ അനുവദിച്ചത് | അനർഹമായി പെൻഷൻ കൈപ്പറ്റിയ | |
|---|---|---|---|---|---|
| | | | | കാലയളവ് | തുക |

| | | | | | |
|---|---|---|---|---|---|
| തങ്ക (വാർദ്ധക്യ കാല പെൻഷൻ) | 854927140334 | 10/01/2020 | 10/2020 വരെ | 2/2020- 10/2020 | 11700 |
| രാമചന്ദ്രൻ നായർ | 937562132310 | 10/01/2020 | 10/2020 വരെ | 2/2020- 10/2020 | 11700 |
| ശശിധരൻ ആചാരി | 104110200988 | 11/02/2020 | 10/2020 വരെ | 3/2020- 10/2020 | 10500 |

2019-ൽ മസ്റ്ററിംഗ് നടത്തിയതിന് ശേഷം മരണപ്പെട്ടതും ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തതുമായ ഗുണഭോക്താക്കളുടെ വിശദാംശമാണ് പരിശോധിച്ചത്. ബാങ്ക് മുഖേന പെൻഷൻ കൈപ്പറ്റിയിരുന്ന ഗുണഭോക്താക്കളുടെ അവകാശികൾക്കാണ് ഇത്തരത്തിൽ അനർഹമായി തുക ലഭിച്ചത്. യഥാസമയം പെൻഷൻ സസ്പെൻഡ് ചെയ്യാതിരുന്നതുമൂലമാണ് ഈ അപാകത ഉണ്ടായിട്ടുള്ളത്. സഹകരണ ബാങ്ക് മുഖേന ഡയറക്ട് റ്റു ഹോം രീതിയിൽ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ മരണപ്പെട്ടാൽ ഇക്കാര്യം ഡി.ബി.റ്റി. യിൽ രേഖപ്പെടുത്തുന്നതിനാൽ തുക കൈമാറപ്പെടുന്നില്ല. ഇത്തരത്തിലുള്ള ഗുണഭോക്താക്കളുടെ വിവരം പരിശോധിച്ച് പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിന് കാലതാമസമുണ്ടായിട്ടുണ്ട്. ഉദാഹരണമായി ശോശാമ്മ ജോൺ, പുഷ്പാംഗദൻ എന്നീ ഗുണഭോക്താക്കളുടെ 11/2019 മുതലുള്ള പെൻഷൻ അവർ മരണപ്പെട്ടതായി രേഖപ്പെടുത്തി ബാങ്ക് അധികൃതർ നൽകിയിട്ടില്ല. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്തത് 17/05/2021-ൽ മാത്രമാണ്. ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെടുന്നവരുടെ പെൻഷൻ സമയബന്ധിതമായി സസ്പെൻഡ് ചെയ്യുന്നതിന് നിലവിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ രേഖകൾ പ്രകാരം സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പെൻഷണർ ഐ.ഡി | പേര്, മേൽ വിലാസം | പി.പി.ഒ. നമ്പർ/ ട്രഷറി | അനർഹമായി കൈപ്പറ്റിയ സാമൂഹ്യ പെൻഷൻ തുക |
|---|---|---|---|
| 104110100238 | സരസമ്മാൾ, വിലങ്ങിൽ മുഴി, തണ്ണിത്തോട് | 111831307, കോന്നി | 76800 |
| 104110400169 | ബാബുരാജ് കെ.കെ, കൊഴപ്പോൺ വീട്, | 3100005687, കോന്നി | 66275 |
| 104110600052 | അവീമ ബീവി, അലങ്ങാരത്ത് വീട്, തേക്കുതോട് | SFPTA891, കോന്നി | 108450 |
| 104110600108 | ഓമന ജെ, മേലേ പ്ലാക്കാട്ട് വീട്, തണ്ണിത്തോട് | 111949781, കോന്നി | 87620 |

തുക ഒടുക്കുന്നതിന് ടി ഗുണഭോക്താക്കൾക്ക് നോട്ടീസ് നൽകിയെങ്കിലും തിരികെ ഒടുക്കിയിട്ടില്ല. അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയവരിൽ നിന്നും തുക തിരികെ ഈടാക്കുന്നതിന് അടിയന്തിര തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(25/27.08.2021) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരണപ്പെട്ടവരേയും അനർഹരായവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിന് 02/08/2021-ലെ 63/2021/ധന സർക്കുലർ പ്രകാരം കർശന നിർദ്ദേശങ്ങൾ സർക്കാർ നൽകിയിട്ടുണ്ട്. ടി സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരമുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-8-2021,12.30PM-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് തുകയായ 26125 (ഇരുപത്തി ആറായിരത്തി നൂറ്റി ഇരുപത്തഞ്ച് രൂപാ മാത്രം) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിനുള്ള ISO

സർട്ടിഫിക്കേഷൻ പഞ്ചായത്തിന് ലഭ്യമായിട്ടുണ്ട്. ഇതിന്റെ കാലാവധി 2022 ഡിസംബറിൽ അവസാനിക്കും. ISO പദവി നിലനിർത്തുന്നതിന് ജാഗ്രതയോടു കൂടിയ തുടർ പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഫ്രണ്ട് ഓഫീസിൽ പ്രദർശിപ്പിക്കേണ്ടതായ ഇൻഫോർമേഷൻ ബോർഡുകൾ സ്ഥാപിക്കപ്പെട്ടിട്ടില്ലെന്നത് ന്യൂനതയാണ്. അതുപോലെ തന്നെ ഫ്രണ്ട് ഓഫീസിൽ വരുന്നവർക്കുള്ള ഭൗതിക സൗകര്യങ്ങളും പരിമിതമാണ്. പുതിയ കെട്ടിടത്തിലേക്ക് പഞ്ചായത്ത് മാറ്റി സ്ഥാപിക്കപ്പെട്ടപ്പോൾ റിക്കോർഡ് റൂം സജ്ജീകരിച്ചിട്ടില്ല. ഓഫീസ് സംവിധാനത്തിലെ പോരായ്മകൾ പരിഹരിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ സാമ്പത്തിക നില ശോചനീയമായ അവസ്ഥയിലായതിനാൽ അധിക ചെലവുകൾ (പ്രവർത്തനക്ഷമമല്ലാത്ത പൊതു ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നതുൾപ്പെടെ) ഒഴിവാക്കുന്നതിനും, പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും, നികുതി ചോർച്ച ഒഴിവാക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് വസ്തുകവകകളുടെ ആധാരങ്ങൾ സൂക്ഷിക്കുകയോ, കരം തീർക്കുകയോ ചെയ്യുന്നില്ല. ആസ്തികളുടെ പരിപാലനത്തിലും ആസ്തി സംബന്ധമായ രേഖകൾ സൂക്ഷിക്കുന്നതിലും പഞ്ചായത്തിന്റെ പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതാണ്.

മാസ്റ്റർ ഇൻകുംബൻസി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. പുറമ്പോക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. (1983 -ൽ എഴുതിയുണ്ടാക്കിയ രജിസ്റ്ററിൽ പിന്നീട് രേഖപ്പെടുത്തലുകൾ ഇല്ല.). ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. രേഖകളും രജിസ്റ്ററുകളും കൃത്യമായി പരിപാലിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.01.2018 | 2012-13 മുതൽ 2015-16 വരെ | 09.03.2018 |
| പെർഫോമൻസ് ഓഡിറ്റ് | 27.01.2020 | 11/2019 മുതൽ 12/2019 വരെ | 28.01.2020 |

## 1-11 ഇ-ടെണ്ടർ ഫീസ് -പ്രത്യേക അക്കൌണ്ട് ആരംഭിച്ചില്ല. എക്സി. എഞ്ചിനീയറുടെ അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്ത തുക തിരികെ ലഭിച്ചില്ല

ഇ-ടെണ്ടർ ഫീസ് ഈടാക്കുന്നതിന് പഞ്ചായത്ത് പ്രത്യേകം അക്കൌണ്ടും തുറന്നിട്ടില്ല. ഇ-ടെണ്ടർ ഫീസ് ഇനത്തിൽ പഞ്ചായത്ത് നാളിതുവരെ ഈടാക്കിയിട്ടുള്ള തുക പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ചിട്ടുമില്ല.
ത്രിതല പഞ്ചായത്തുകളിൽ ഇ-ടെണ്ടർ സമ്പ്രദായം നടപ്പിലാക്കിയ വേളയിൽ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഫീസുകളും മറ്റും ഒടുക്കിയിരുന്നത് അതാത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പേരിലുള്ള ഒരു ബാങ്ക് അക്കൌണ്ടിലേക്കായിരുന്നു. ഇപ്രകാരം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കിയ തുക, അതായത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ ലഭിക്കുന്നതിന് പലപ്പോഴും പ്രായോഗിക വൈഷമ്യം നേരിടുന്നതിനാൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ.യിൽ അക്കൌണ്ട് തുടങ്ങുന്നതിന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിരുന്നു (17.08.2017ലെ ഡി.ബി1/7942/2010/സി തസ്വഭവ സർക്കുലർ). എന്നാൽ പഞ്ചായത്ത് ഇപ്രകാരം ഒരു അക്കൗണ്ട് തുടങ്ങിയിട്ടില്ല.

കൂടാതെ ഇ-ടെണ്ടർ ഫാറം വില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുള്ള തുക പഞ്ചായത്തിന് മടക്കി ലഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല. ഈ ടെണ്ടർ ഫീസ് ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽനിന്നും പഞ്ചായത്തിന് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് ലഭിക്കാൻ അവശേഷിക്കുന്ന തുകയുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കുകയുണ്ടായില്ല. ഇത് സംബന്ധിച്ച കൃത്യമായ കണക്കുകൾ എഞ്ചിനീയറിംഗ് വിഭാഗം സൂക്ഷിച്ചിട്ടില്ലെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.
ടെണ്ടർ ഇടപാടുകളുമായി ബന്ധപ്പെട്ട ഫീസുകളും മറ്റും ഒടുക്കുന്നതിന് ചീഫ് എഞ്ചിനീയർ നിർദ്ദേശിച്ച പ്രകാരം അക്കൌണ്ട് തുറക്കേണ്ടതാണ്. നാളിതുവരെ പഞ്ചായത്ത് ഈടാക്കിയിട്ടുള്ള ഇ-ടെണ്ടർ ഫീസ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽനിന്നും മടക്കി ലഭിക്കുന്നതിനും അസി.എഞ്ചിനീയർ നടപടി സ്വീകരിക്കേണ്ടതാണ്.

ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ

ഓഡിറ്റ് വർഷം വെറ്ററിനറി സർജന്റെ നിർവ്വഹണ ചുമതലയിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ഫയലുകളും രേഖകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(1) രേഖകൾ സൂക്ഷിക്കുന്നതിലെ വീഴ്ച

2020-21 സാമ്പത്തിക വർഷം വെറ്ററിനറി സർജൻ TR7A ക്യാഷ് ബുക്കും, പ്രോജക്ട് രജിസ്റ്ററും എഴുതി സൂക്ഷിച്ചിട്ടില്ല. ജനകീയാസൂത്രണ പദ്ധതിയിലെ ധനവിനിയോഗവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയിൽ (G.O.(P)No.177/06, Dt. 12.04.2006) പറഞ്ഞിട്ടുള്ള മാതൃകയിൽ ക്യാഷ് ബുക്കും, പ്രോജക്ട് രജിസ്റ്ററും സൂക്ഷിക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.

വനിതകൾക്ക് പശുവളർത്തൽ, ആടുവളർത്തൽ എന്നീ പദ്ധതികളുടെ ഭാഗമായി കമ്മീഷൻ ഏജന്റുമാർ മുഖാന്തിരം 49.44 ലക്ഷം രൂപയുടെ ഉരുക്കളെയാണ് വെറ്ററിനറി സർജൻ വാങ്ങിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്ത ഉരുക്കളുടെ എണ്ണം | നിരക്ക് | സബ്സിഡി തുക | ഗുണഭോക്തൃ വിഹതം | ആകെ |
|---|---|---|---|---|---|---|
| വനിതകൾക്ക് പശുവളർത്തൽ (101/20) | 52 | 52 | 60000 | 1430000 | 1690000 | 3120000 |
| വനിതകൾക്ക് ആട് വളർത്തൽ (103/20) | 57 | 114 | 16000 | 912000 | 912000 | 1824000 |
| ആകെ | | | | | | 4944000 |

ഉരുക്കളുടെ സപ്ലെയർമാരെ തെരഞ്ഞെടുത്തിട്ടുള്ളത് സുതാര്യമായ പ്രോക്യൂർമെന്റ് നടപടി ക്രമങ്ങൾ പാലിക്കാതെ ഏകപക്ഷീയമായിട്ടാണ്. മേൽപദ്ധതികൾക്ക് ഉരുക്കളെ സപ്ലൈ ചെയ്തിട്ടുള്ളത് യഥാക്രമം ശ്രീ. ഉണ്ണികൃഷ്ണൻ നായർ, വിജയമംഗലത്ത്, തണ്ണിത്തോട്, ശ്രീ. അനിരുദ്ധൻ താന്നിനിൽക്കുന്നകാലായിൽ, തണ്ണിത്തോട്, ശ്രീമതി. രേഖ, തോട്ടുങ്കൽ, തണ്ണിത്തോട്, ശ്രീമതി. നന്ദന, പത്മവിലാസം, തണ്ണിത്തോട്, ശ്രീ.പ്രസന്നൻ കോയിക്കലേത്ത്, തണ്ണിത്തോട് എന്നീ വ്യക്തികളാണ്. ഇവർ പൊതുവിപണിയിൽ നിന്നും ഉരുക്കളെ സമാഹരിച്ച് പഞ്ചായത്തിന് സപ്ലൈ ചെയ്തിരിക്കുകയാണ്. പശുക്കളുടെ ഗുണമേന്മയോ, തരമോ, ലഭിക്കുന്ന പാലിന്റെ അളവോ പരിഗണിക്കാതെ എല്ലാ പശുക്കൾക്കും ഒരേ വിലയാണ് നൽകിയിരിക്കുന്നത്. മേൽ രണ്ടു പദ്ധതികളിലേയും ഉരുക്കളെ വാങ്ങിയിട്ടുള്ളത് നിർവ്വഹണ ഉദ്യോഗസ്ഥൻ കൺവീനറായ ഒരു വാങ്ങൽ സമിതിയുടെ മേൽ നോട്ടത്തിൽ ആണ്. ഉരുക്കളെ കുറഞ്ഞത് 3 വർഷമെങ്കിലും വളർത്തുമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് പദ്ധതിയുടെ ഗുണഭോക്താക്കളിൽനിന്നും കരാർ എഴുതി വാങ്ങിയിട്ടില്ല. കൈയ്യൊപ്പിട്ട് ആധികാരികമാക്കാത്തതും, വ്യവസ്ഥകൾ എഴുതി പൂർത്തിയാക്കത്തതോ ശൂന്യമായതോ ആയ മുദ്രപത്രങ്ങൾ വാങ്ങി ഫയലിൽ സൂക്ഷിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. പ്രോജക്ട് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്തിട്ടില്ല.

(2) പശുവളർത്തൽ പദ്ധതിയുടെ ആനുകൂല്യം തുടർച്ചയായ വർഷങ്ങളിൽ ഒരേ വ്യക്തിക്ക് നൽകി

2019-20 സാമ്പത്തിക വർഷം പ്രോ.നം.28/20 പ്രകാരം വെറ്ററിനറി സർജൻ നടപ്പിലാക്കിയ വനിതകൾക്ക് പശുവളർത്തൽ എന്ന പദ്ധതിയുടെ ഭാഗമായി ശ്രീമതി ജിജി കുരുവിള, കാവനാൽ ശങ്കരത്തിൽ എന്ന ഗുണഭോക്താവിന് പശുവിനെ വാങ്ങുന്നതിന് 27500 രൂപ സബ്സിഡി വിതരണം ചെയ്തിരുന്നു. ഇതേ ഗുണഭോക്താവിന് തന്നെ 2020-21 വർഷം ഇതേ പദ്ധതിയുടെ (പ്രോ.നം. 101/21 - വനിതകൾക്ക് പശുവളർത്തൽ) ആനുകൂല്യം നൽകിയിട്ടുണ്ട. 2020-21-ലെ ഗുണഭോക്തൃലിസ്റ്റ് പ്രകാരം പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായി 199 പേരെയാണ് പഞ്ചായത്ത് തെരഞ്ഞെടുത്തിരുന്നത്. ഇതിൽ 52 ഗുണഭോക്താക്കൾക്കുമാത്രമാണ് പദ്ധതിയുടെ ആനുകൂല്യം വിതരണം ചെയ്തിട്ടുള്ളത്. ഗുണഭോക്തൃലിസ്റ്റിൽ അർഹരായ മറ്റ് ഗുണഭോക്താക്കൾ നിലവിലുള്ളപ്പോൾ മുൻവർഷം പഞ്ചായത്തിൽനിന്നും ഇതേ ആനുകൂല്യം ലഭിച്ചിട്ടുള്ള വ്യക്തിക്ക് തന്നെ തുടർന്നും ആനുകൂല്യം നൽകിയത്

ക്രമമല്ല.

3. പദ്ധതികൾ നടപ്പിലാക്കാതെ ഫണ്ട് ലാപ്സാക്കി

ഓഡിറ്റ് വർഷം മൃഗസംരക്ഷണ മേഖലയിൽ 18.5 ലക്ഷം. രൂപ വകയിരുത്തി ആവിഷ്കരിച്ച 4പദ്ധതികൾ വെറ്ററിനറി സർജൻ നടപ്പിലാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ട് | വകയിരുത്തിയ തുക | | | | |
|---|---|---|---|---|---|---|
| | | വികസന ഫണ്ട് | സംസ്ഥാനാവിഷ്കൃത ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് | ഗുണഭോക്തൃവിഹിതം | ആകെ അടങ്കൽ |
| 99/21 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ | 400000 | 0 | 0 | 0 | 400000 |
| 179/21 | കന്നുകുട്ടി പരിപാലനം | 250000 | 250000 | 0 | 500000 | 1000000 |
| 190/21 | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ | 0 | 0 | 300000 | 0 | 300000 |
| 195/21 | മൃഗാശുപത്രിക്ക് കമ്പ്യൂട്ടർ പ്രിന്റർ അനുബന്ധ ഉപകരണങ്ങൾ | 0 | 0 | 150000 | 0 | 150000 |
| | ആകെ | 650000 | 250000 | 450000 | 500000 | 1850000 |

കാലിതീറ്റ വിതരണ പദ്ധതിയ്ക്ക് 138 ഗുണഭോക്താക്കൾ അടങ്ങിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് പഞ്ചായത്ത് വെറ്ററിനറി സർജന് കൈമാറിയിട്ടുള്ളതാണ്. കന്നുകുട്ടി പരിപാലനം, മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ, ഉപകരണങ്ങൾ വാങ്ങൽ തുടങ്ങിയ പദ്ധതിയും നിർവ്വഹണത്തിൽ സങ്കീർണ്ണതയില്ലാത്ത താരതമ്യേന വേഗത്തിൽ നടപ്പിലാക്കി ധനവിനിയോഗം നടത്താവുന്ന പദ്ധതികളായിരുന്നു. ടി പദ്ധതികൾ നടപ്പിലാക്കാതെ വകയിരുത്തിയ 11 ലക്ഷം രൂപ (വികസന ഫണ്ട്/ മെയിന്റെൻസ് ഗ്രാന്റ്) ലാപ്സാക്കി. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/20-21 തീയതി. 18.08.2021)വെറ്ററിനറി സർജൻ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല. വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതികളിൽ മോണിറ്ററിംഗിന്റെ അഭാവം പ്രകടമാണ്. മേൽ വിവരിച്ച തരത്തിലുള്ള അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ശരിയായ രീതിയിലുള്ള മോണിറ്ററിംഗ് പഞ്ചായത്ത് ഏർപ്പെടുത്തേണ്ടതാണ്.

(4) പേവിഷ നിർമ്മാർജ്ജന പദ്ധതി (175/21) – ചെലവിന്റെ സാധുത ബോദ്ധ്യപ്പെടുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല

2020-21-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം. 175/21 പ്രകാരം പേവിഷ നിർമ്മാർജ്ജന പദ്ധതി എന്ന പേരിൽ വികസന ഫണ്ടിൽനിന്നും 30000 രൂപ വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെലവിന്റെ വിവരം | തുക കൈപ്പറ്റിയ ആൾ | തുക |
|---|---|---|---|
| 1 | വാക്സിനേഷന്റെ ഭാഗമായി 13 വാർഡുകളിൽ വാക്സിൻ കേൾഡ് ബോക്സ്, ഗ്ലൌസ്, എന്നിവ കൊണ്ടുപോയതിനും, വാക്സിനേഷനുവേണ്ടി നായയെ പിടിക്കാൻ സഹായിച്ചതിനും മറ്റും കൂലി ഇനത്തിൽ നൽകിയത് | ശ്രീമതി മറിയാമ്മ ഡേവിസ് | 6000 |
| 2 | പദ്ധതിയുടെ ഭാഗമായി 416 Km വാഹനം ഓടിയതിന്റെ ടാക്സി ചാർജ്ജ് ഇനത്തിൽ നൽകിയത് (KL-03-4757) | ശ്രീ അഭിജിത്ത് | 20000 |
| 3 | ഫേസ് ഷീൽഡ്, ഗ്ലൌസ്, സാനിറ്റൈസർ മുതലായവ വാങ്ങിയ ഇനത്തിൽ നൽകിയത് | അർച്ചന മെഡിക്കത്സ്, തണ്ണിത്തോട് | 4000 |
| | ആകെ | | 30000 |

പഞ്ചായത്തിലെ 13 വാർഡുകളിലായി 6 ദിവസം (2021 മാർച്ച് 2,4,6,8,10,12 തീയതികളിൽ) ആന്റി റാബീസ് വാക്സിനേഷൻ ക്യാമ്പ് നടത്തിയതായി കാണിച്ചാണ് തുക ചെലവഴിച്ചിട്ടുള്ളത്. എന്നാൽ വാക്സിനേഷൻ നടത്തിയ നായ്ക്കളുടെ എണ്ണം, വാക്സിനേഷൻ സർട്ടിഫിക്കറ്റ് നൽകിയത്, ആന്റി റാബീസ് വാക്സിന്റെ സ്റ്റോക്ക് വിനിയോഗ വിവരങ്ങൾ, പദ്ധതി വിജയകരമായി പൂർത്തിയാക്കിയത് സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് മുതലായ യാതൊരു രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് ഓഡിറ്റ് അന്വേഷണം(നം.17/20-21 തീയതി 18.08.21) നൽകിയതിനെ തുടർന്ന് വെറ്ററിനറി സർജൻ മോണിട്ടറിംഗ് ഹാജരാക്കിയെങ്കിലും ചെലവിനെ സാധൂകരിക്കുന്ന രേഖകൾ യാതൊന്നും ഹാജരാക്കിയില്ല. മോണിറ്ററിംഗ് റിപ്പോർട്ടാകട്ടെ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് എഴുതി തയ്യാറാക്കിയതാണെന്ന് വ്യക്തവുമാണ്. ഈ സാഹചര്യത്തിൽ ടി പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് പഞ്ചായത്ത് ഭരണസമിതിയ്ക്ക് ശുപാർശ ചെയ്യുന്നു. വിശദാംശങ്ങൾ അറിയിക്കുന്നതുവരെ ചെലവ് തുക (30000/- രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-13 ആസ്തി സംരക്ഷണത്തിൽ വീഴ്ച; ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല

കൈമാറികിട്ടിയതുൾപ്പടെയുള്ള പഞ്ചായത്തിന്റെ അസ്തികൾ പരിപാലിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. പഞ്ചായത്തിന്റെ ഉടമസ്ഥതയിലും, നിയന്ത്രണത്തിലുമുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കണമെന്നും ആസ്തി സംരക്ഷണ പദ്ധതിക്ക് അന്തിമ രൂപം നൽകുന്നതിന് മുമ്പ് ഘടക സ്ഥാപനങ്ങളിലെ മേധാവികളുടെ യോഗം വിളിച്ച് ചേർക്കുകയോ, പ്രസ്തുത യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളായിരിക്കണം പദ്ധതിയിൽ ഉൾപ്പെടുത്തുവാനെന്നും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽപറഞ്ഞ പ്രകാരം യോഗം വിളിച്ച ചേർക്കുകയോ, ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുയോ ചെയ്യുന്നില്ല. കൈമാറികിട്ടിയ ആസ്തികളുടെ സംരക്ഷണത്തിന് സർക്കാർ അനുവദിക്കുന്ന ഫണ്ട് ഫലപ്രദമായി വിനിയോഗിക്കാതെ ഫണ്ട് ലാപ്സാക്കുന്ന സ്ഥിതിയും ഉണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തെ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗത്തിന്റെ വിവരങ്ങൾ പരിശോധിച്ചാൽ ഇത് വ്യക്തമാകുന്നതാണ്.

| വർഷം | ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|
| 2020-21 | റോഡ് | 11644789 | 7549269 | 64.83% |
| | റോഡിതരം | 8524000 | 4439793 | 52.09% |
| 2019-20 | റോഡ് | 11074338 | 3123156 | 28.2% |
| | റോഡിതരം | 8730155 | 4376538 | 50.13% |
| 2018-19 | റോഡ് | 10986471 | 8114391 | 73.86% |
| | റോഡിതരം | 9157246 | 3362152 | 36.72% |
| 2017-18 | റോഡ് | 12007779 | 6883820 | 57.33% |
| | റോഡിതരം | 9564838 | 2407712 | 25.17% |
| 2016-17 | റോഡ് | 6277923 | 1740642 | 27.73% |
| | റോഡിതരം | 10477052 | 5408117 | 51.62% |

സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിരവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും അനുയോജ്യമായ പദ്ധതികളാണ് ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. അതിന് അദ്യം വേണ്ടത് ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കുക എന്നതാണ്. എന്നാൽ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. ആസ്തി രജിസ്റ്റർ അവസാനമായി അപ്ഡേറ്റ് ചെയ്തത് 2018 വർഷമാണ്.

കൈമാറികിട്ടിയതുൾപ്പടെയുള്ള പഞ്ചായത്തിന്റെ പല ആസ്തികളും ശോചനീയമായ അവസ്ഥയിലാണ്. എൽ.എസ്.ജി.ഡി., തൊഴിലുറപ്പ് വിഭാഗങ്ങളുടെ ഓഫീസുകൾ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റ സംരക്ഷണത്തിനായി നിർമ്മിച്ചിരുന്ന ഷീറ്റ് മേഞ്ഞ മേൽക്കൂര പൂർണ്ണമായും തകർന്നിരിക്കുന്നു. പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടടത്തിലെ കോൺഫറൻസ് ഹാളിന്റെ ഗ്രൗണ്ട് ഫ്ലോറിൽ മഴ പെയ്താൽ വെള്ളം കയറുന്ന സ്ഥിതിയാണുള്ളത്. ആയുർവേദാശുപത്രി കെട്ടിടത്തിന്റെ നില തികച്ചും ശോചനീയമാണ്. ഇവിടെ അടുക്കള നിർമ്മിക്കുന്നതിന് കരാർ നൽകിയിട്ടുണ്ടെങ്കിലും കരാറുകാരൻ നാളിതുവരെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ആയുവേദാശുപത്രിയോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള പകൽ വീടിന്റെ സ്ഥിതിയും വ്യത്യസ്ഥമല്ല. ഇതിന്റെ നിർമ്മാണവും പൂർത്തിയാക്കാതെ കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നു. പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ 10 യൂണിറ്റുകളുള്ള രണ്ട് ടോയ്ടലറ്റ് കോംപ്ലക്സുകൾ

നിർമ്മിച്ചിട്ടുണ്ടെങ്കിലും ഇവ രണ്ടും ഉപയോഗയോഗ്യമല്ല. പൊതു ഖജനാവിൽനിന്നും 10 ലക്ഷത്തിൽപ്പരം രൂപ ചെലവഴിച്ച് നിർമ്മിച്ച ഇവ ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാത്തത് ഇവ ആവശ്യാധിഷ്ഠിതമായല്ല നർമ്മിച്ചിട്ടുള്ളതെന്നതിന് തെളിവാണ്. 43.46 ലക്ഷം രൂപ മുടക്കി തണ്ണിത്തോട്, തേക്ക് തോട് മാർക്കറ്റുകളിൽ നിർമ്മിച്ചിട്ടുള്ള വിപണന കേന്ദ്രങ്ങളും വേണ്ട രീതിയിൽ സംരക്ഷിക്കുകയോ, പഞ്ചായത്തിന് വരുമാന ദായകമായ രീതിയിൽ ഉപയോഗപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനും, കൈമാറികിട്ടിയതുൾപ്പടെയുള്ള പഞ്ചായത്തിന്റെ ആസ്തികളുടെ നിലവിലെ സ്ഥിതി വിലയിരുത്തി പോരായ്മകൾ പരിഹരിക്കുന്നതിന് പഞ്ചായത്ത് സത്വര നടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിന്റെ ആരോഗ്യ സ്ഥാപനങ്ങൾ ഉൾപ്പടെ കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിച്ചും, സേവന നിലാരം ഉയർത്തിയും, ടോട്ടൽ ക്വാളിററി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിക്കത്തക്കവിധം ആസ്തി സംരക്ഷണ പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കുന്നതിനും പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 വൃദ്ധർക്ക് പകൽ വീട്- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

വൃദ്ധർക്ക് ഒത്തു കൂടാനും കുശലം പറഞ്ഞിരിക്കാനുമായി പഞ്ചായത്ത് പണിതീർത്ത പകൽ വീട് ആർക്കും വേണ്ടാതായി. തേക്കുതോട് മാർക്കറ്റിന് സമീപം ആയുർവേദാശുപത്രി കെട്ടിടത്തിന് അനുബന്ധമായി 5.35 ലക്ഷം രൂപ ചെലവഴിച്ച വൃദ്ധർക്കുള്ള പകൽ വീടാണ് കാഴ്ച വസ്തുവായി മാറിയിരിക്കുന്നത്. പകൽ വീടെന്ന ഓമനപ്പേരിൽ ഒരു വീടു വയ്ക്കാൻ കരാറുകാരനു പണം കൊടുത്തു. കരാറുകാരൻ ഒരു കെട്ടിടമുണ്ടാക്കുകയും ചെയ്തു. എന്നാൽ ടോയ്‌ലറ്റ് ഉൾപ്പടെ അത്യാവശ്യ പണികൾ പൂർത്തിയാക്കാത്തതിനാൽ കെട്ടിടം ഉപയോഗപ്പെടുത്താതെ പൂട്ടിയിട്ടിരിക്കുകയാണ്. കെട്ടിടത്തിന് വയറിംഗ് നടത്തുന്നതിനും ഫർണിഷിംഗിനുമായി വീണ്ടും 249186 രൂപ പഞ്ചായത്ത് മുടക്കിയിട്ടുണ്ട്. ഫർണിച്ചറുകളും, ടെലിവിഷനും ഉൾപ്പടെ സാധനങ്ങൾ വാങ്ങി കെട്ടിടത്തിൽ പൂട്ടി സൂക്ഷിച്ചിരിക്കുന്നു.



പകൽ വീട്

ഗ്രാമ പഞ്ചായത്ത് 2016-17 വർഷമാണ് പകൽ വീട് നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചത്. എന്നാൽ മൂന്ന് വർഷമെടുത്ത് 2018-19 വർഷമാണ് കെട്ടിട നിർമ്മാണം പൂർത്തിയാക്കിയത്. 2019-20 വർഷം കെട്ടിടത്തിന് പ്ലംബിംഗ് അനുബന്ധ പ്രവൃത്തികളും നടത്തുന്നതിന് 140000 രൂപയുടെ പദ്ധതി ഏറ്റെടുത്ത കരാറുകാരൻ ടോയ്‌ലറ്റിന്റെ സെപ്റ്റിക് ടാങ്ക് നിർമ്മിക്കുന്നതിന് കെട്ടിടത്തിന്റ നേർമുമ്പിൽ ഒന്നരയാൾ താഴ്ചയിൽകുഴി എടുത്ത് പണിനിർത്തി പോയി. ഉത്തരവാദപ്പെട്ടവർ പിന്നീട് ഈ ഭാഗത്തേക്ക് തിരിഞ്ഞുനോക്കുകയും ഉണ്ടായില്ല. ഈ കുഴി ആയുർവേദാശുപത്രിയിൽവരുന്ന രോഗികൾക്ക് അപകടമുണ്ടാക്കുന്ന തരത്തിൽ തുറന്നുതന്നെ കിടക്കുന്നു.

ആയുർവേദാശുപത്രിയിൽ വരുന്ന വൃദ്ധർക്ക് വിശ്രമത്തിനും വിനോദത്തിനും ഉതകുമെന്ന സദുദ്ദേശത്തിലാണ് പദ്ധതി ആവിഷ്കരിച്ചതെങ്കിലും പണി നടത്തിയ കരാറുകാരന് മാത്രമാണ് ഇതുവരെ ഈ പദ്ധതികൊണ്ട് എന്തെങ്കിലും പ്രയോജനം ലഭിച്ചിട്ടുള്ളത്. 2016-17-ൽ ആവിഷ്കരിച്ച ഈ പദ്ധതി എത്രയും വേഗം ലക്ഷ്യ പ്രാപ്തിയിൽ എത്തിക്കുന്നതിന് പഞ്ചായത്ത് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 ഭൌതിക സാഹചര്യം ഒരുക്കിയില്ല - 43.46 ലക്ഷം ചെലവിൽ നിർമ്മിച്ച കാർഷിക വിപണന കേന്ദ്രങ്ങൾ ഉപയോഗ ശൂന്യം

പഞ്ചായത്തിന്റെ 2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്റ്റ് നം.178/17 പ്രകാരം ലോകബാങ്ക് സഹായ തുകയിൽനിന്നും 60 ലക്ഷം രൂപ വകയിരുത്തി തണ്ണിത്തോട് മാർക്കറ്റിലും, തേക്കുതോട് മാർക്കറ്റിലും ആധുനീക സൌകര്യങ്ങളോടുകൂടിയ രണ്ട് കാർഷിക വിപണന കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ട്. പുതിയ പഞ്ചായത്ത് ഓഫീസ് കോംപ്ലക്സിന് സമീപം പഴയ തണ്ണിത്തോട് മാർക്കറ്റ് സ്ഥിതി ചെയ്ത സ്ഥലത്ത് രണ്ട് നിലകളിലായി 4 മുറികളും (ഒന്നാം നിലയിൽ മൂന്നും, രണ്ടാം നിലയിൽ ഒന്നും മുറികൾ), ടോയ്‌ലറ്റും, തേക്കുതോട് മാർക്കറ്റിൽ 4 മുറികളുള്ള വിപണന കേന്ദ്രവും പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചിട്ടുണ്ട്. 2016-17-ൽ ആവിഷ്കരിച്ച പദ്ധതി പൂർത്തിയാക്കി 2018-19 വർഷമാണ്. ഫൈനൽ ബിൽ തുക നൽകിയിട്ടുള്ളത്. ഈ പദ്ധതിയ്ക്ക് ചുവടെ ചേർക്കും പ്രകാരം 4346650 രൂപ ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്റ്റ് നം./വർഷം | ചെലവഴിച്ച തുക |
|---|---|
| 178/16-17 | 0 |
| 203/17-18 | 2989938 |
| 232/18-19 | 1356712 |
| ആകെ | 4346650 |

ഇപ്രകാരം പൊതു ഖജനാവിൽനിന്നും 43.46 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തിയാക്കിയ ഈ കെട്ടിടങ്ങൾ ഇലക്ട്രിഫിക്കേഷൻ, പ്ലമ്പിംഗ് പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ ഉപയോഗപ്പെടുത്താവുന്ന അവസ്ഥയിൽ അല്ല. കെട്ടിട നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ എസ്റ്റിമേറ്റിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതായ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ഉൾപ്പെടുത്താതെയാണ് നിർമ്മാണം നടത്തിയിട്ടുള്ളത്. തണ്ണിത്തോട് വിപണന കേന്ദ്രത്തിന് നിർമ്മിച്ച കെട്ടിടം ഭൗതിക പരിശോധന നടത്തിയതിൽ കെട്ടിടത്തിന്റെ സ്റ്റെയർ റൂം ചോർന്ന് ഒലിച്ച് നാശോന്മുഖമായ നിലയിലാണെന്നും ഗുണനിലവാരമില്ലാത്ത ടൈലുകളാണ് നിർമ്മാണത്തിന് ഉപയോഗിച്ചിട്ടുള്ളതെന്നും, അവ ചുരുങ്ങിയ കാലയളവിനുള്ളിൽതന്നെ പൊട്ടിപൊളിഞ്ഞിട്ടുള്ളതായും കണ്ടു. നിർമ്മാണത്തിലെ അപാകത കാരണം കെട്ടിടത്തിന്റെ വരാന്ത ഭാഗം,നിർമ്മാണം പൂർത്തിയാക്കി ബിൽ മാറിയതിനു പിന്നാലെ ടൈലുകൾ അടർന്ന് താഴേക്ക് ഇരുത്തിയ നിലയിലാണ്. കെട്ടിടത്തിന് അനുബന്ധമായുള്ള ടോയ്‌ലറ്റിന്റെ നിർമ്മാണം പൂർത്തിയാക്കുകയോ, സെപ്റ്റിക് ടാങ്ക് സ്ഥാപിക്കുകയോ ചെയ്തിട്ടില്ല. കെട്ടിട നിർമ്മാണത്തിൽ സ്ഥായിയായ അപാകം ഉണ്ട്. നിർമ്മാണത്തിലെ അപാകം എക്സി. എഞ്ചിനീയറുടെ തലത്തിൽ പരിശോധിച്ച് സംരക്ഷണ കാലയളവിനുള്ളിൽ കെട്ടിടത്തിനുണ്ടായിട്ടുള്ള ന്യൂനതകൾ കരാറുകാരന്റെ ഉത്തരവാദിത്തത്തിൽ പരിഹരിക്കുന്നതിനും, മേൽനോട്ട പിഴവിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിനും പഞ്ചായത്ത് ഭരണ സമിതി നടപടി കൈക്കൊള്ളേണ്ടതാണ്.





തേക്കുതോട് മാർക്കറ്റിൽ 10-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ പഞ്ചായത്ത് ഒരു വിപണന കേന്ദ്രം നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. ഈ പദ്ധതിയുടെ കരാറുകാരൻ തനിക്ക് ലാഭകരമായ പ്രവൃത്തികൾ മാത്രം നടത്തി (കെട്ടിടത്തിന്റെ അടിത്തറയും, പില്ലറും നിർമ്മിച്ചു) പണി ഉപേക്ഷിക്കുകയാണുണ്ടായത്. പ്രസ്തുത കെട്ടിടത്തിന്റെ അവശേഷിച്ച ഭാഗങ്ങൾ പൂർത്തിയാക്കുന്നതിനാണ് ഈ പദ്ധതിയുടെ ഭാഗമായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയിട്ടുള്ളത്. പാതിവഴിയിൽ നിർമ്മാണം തടസ്സപ്പെട്ട പദ്ധതി പൂർത്തിയാക്കുന്നതിന് നടപ്പിലാക്കിയ പദ്ധതിയും ലക്ഷ്യപ്രാപ്തിയിൽ എത്തിക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് വൈദ്യുതി, പൈപ്പ് കണക്ഷനുകൾ ലഭ്യമാക്കുന്നതിനാവശ്യമായ തുടർനടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ലോകബാങ്ക് ധനസഹായം ഇനത്തിൽ ലഭ്യമായ തുക എങ്ങനെയും

ചെലവഴിക്കുക എന്നതിലുപരിയായി പദ്ധതി ഫലപ്രാപ്തിയിൽ എത്തിക്കുന്നതിന് പഞ്ചായത്തിന് ഉദ്ദേശ്യമുള്ളതായി ഓഡിറ്റിന് കാണാൻ കഴിഞ്ഞിട്ടില്ല. പൊതു ഖജനാവിൽനിന്നും വൻതുക മുടക്കി നിർമ്മിച്ച ഈ കെട്ടിടങ്ങൾ പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്ന പ്രകാരം ഉപയോഗപ്പെടുത്തി സംരക്ഷിക്കാതിരിക്കുന്നത് ഈ ആസ്തികൾ അർജ്ജിക്കുന്നതിന് ചെലവഴിച്ച തുകയുടെ ദുർവിനിയോഗമായി ഓഡിറ്റ് നിരീക്ഷിക്കുന്നു. ടി അപാകതകൾ ചൂണ്ടികാണിച്ചും, വിശദീകരണം ആരാഞ്ഞും നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല.

ഈ കെട്ടിടങ്ങൾ പഞ്ചായത്തിന് വരുമാന ദായകമായും, പൊതു സമൂഹത്തിന് പ്രയോജനപ്പെടുന്ന തരത്തിലും ഉപയോഗപ്പെടുത്തി സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 1-16 പബ്ലിക് ടോയ്‌ലറ്റ് നിർമ്മാണം - നിഷ്ഫലമായ പദ്ധതി

ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തണ്ണിത്തോട് മാർക്കറ്റ്, പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടം, തേക്ക് തോട് മാർക്കറ്റ് എന്നിവിടങ്ങളിൽ ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് ശുചിത്വ മിഷൻ ഫണ്ട് ഇനത്തിൽ 12,00,000 രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രവൃത്തി ഇ-ടെണ്ടർ ചെയ്തതിൽ കുറഞ്ഞ നിരക്ക് (₹1119212) ക്വോട്ട് ചെയ്ത ശ്രീ. ശീമോൻ എന്നയാളാണ് പ്രവൃത്തി കരാർ എടുത്തിരുന്നത്. 26.02.2019-ൽ കരാർ വെച്ച ഈ പ്രവൃത്തി (നം.101/AE/LSGD/TND/18-19) 04.01.2021-ൽ പൂർത്തിയാക്കി കരാറുകാരൻ ഫൈനൽ ബിൽ സമർപ്പിച്ചു. ഫൈനൽ ബിൽ പ്രകാരം കരാറുകാരൻ 1179322 രൂപയുടെ പ്രവൃത്തി നടത്തി. എഗ്രിമെന്റ് പി.എ.സി. ആയ 11,19,212 രൂപയിൽ പരിമിതപ്പെടുത്തി കരാറുകാരന് പ്രതിഫലം നൽകി. (ചെക്ക് നം. 002079/05.032021)

പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം തേക്കുതോട് മാർക്കറ്റിൽ 4 യൂണിറ്റുകളും, പുതിയ പഞ്ചായത്ത് ഓഫീസിൽ 2 യൂണിറ്റുകളും നിർമ്മിക്കുന്നതിനായിരുന്നു ഉദ്ദേശിച്ചിരുന്നത്. അസി.എഞ്ചിനീയർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് 2.11.19 ൽ നൽകിയ കത്ത് പ്രകാരം മേൽപറഞ്ഞ സ്ഥലത്ത് ടോയ്‌ലറ്റുകൾ നിർമ്മിക്കാൻ സ്ഥലപരിമിതിയുണ്ടെന്നും ആയതിനാൽ ഈ 6 ടോയ്‌ലറ്റ് യൂണിറ്റുകൾ തണ്ണിത്തോട് പി.എച്ച്.സി.-യിൽ നിർമ്മിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി അനുമതി നൽകണമെന്നും ആവശ്യപ്പെട്ടു. എഞ്ചിനീയറുടെ ആവശ്യപ്രകാരം 17.12.19-ലെ 13-ാം നമ്പർ തീരുമാന പ്രകാരം ടൊയ്‌ലറ്റ് നിർമ്മിക്കുവാൻ ഉദ്ദേശിച്ചിരുന്ന സ്ഥലങ്ങളിൽ ആയതിനുള്ള സൗകര്യം ഇല്ലാത്തതിനാൽ തണ്ണിത്തോട് പി.എച്ച്.സി. കോമ്പൌണ്ടിൽ ടോയ്‌ലറ്റ് നിർമ്മിക്കുവാൻ അസി. എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചു. ഇതിനെ തുടർന്ന് 25.05.20-ലെ 11/11 നമ്പർ തീരുമാന പ്രകാരം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്താണ് പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും ഓഡിറ്റ് നടത്തിയ ഭൌതിക പരിശോധന പ്രകാരവും പഞ്ചായത്ത് ഓഫീസ് കോമ്പൌണ്ടിന് പുറത്ത് റോഡ് പുറമ്പോക്കിലും, പി.എച്ച്.സി. കോമ്പൌണ്ടിലുമായി 6 വീതം ടോയ്‌ലറ്റ് യൂണിറ്റുകൾ നിർമ്മിച്ചിട്ടുണ്ട്. സ്ഥലപരിമിതി കാരണം ഒറിജിനൽ എസ്റ്റിമേറ്റിൽ ഉദ്ദേശിച്ചിരുന്ന സ്ഥലങ്ങളിൽ നിർമ്മാണം നടത്താൻ സാധിക്കില്ലെന്ന് അസി.എഞ്ചിനീയർ റിപ്പോർട്ട് ചെയ്യുകയും, പി.എച്ച്.സി. കോമ്പൌണ്ടിൽ നിർമ്മാണം നടത്തുന്നതിന് കമ്മിറ്റി തീരുമാനം എടുക്കുകയും ചെയ്തിരുന്നെങ്കിലും, പ്രസ്തുത തീരുമാനത്തിന് വിരുദ്ധമായി പഞ്ചായത്ത് ഓഫീസ് കോമ്പൌണ്ടിലും, പി.എച്ച്.സി-യിലുമായി ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിന് എസ്റ്റ്മേറ്റ് റിവൈസ് ചെയ്ത് പ്രവൃത്തി നടത്തുകയാണ് ചെയ്തിട്ടുള്ളത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റിനോടൊപ്പം അംഗീകരിച്ച പ്രോജക്ട്, എസ്റ്റിമേറ്റ് റിപ്പോർട്ട്, സൈറ്റ് പ്ലാൻ, ഡ്രോയിംഗ്സ്, സാങ്കേതികാനുമതി പത്രം (TS Slip) എന്നിവയൊന്നും ലഭ്യമാക്കിയിട്ടില്ല. നിർമ്മാണ പ്രവൃത്തിയുടെ വ്യക്തമായ രൂപരേഖയും, നിർമ്മാണം നടത്തേണ്ട സ്ഥലവും നിർണ്ണയിക്കാതെയാണ് ടെണ്ടർ നടപടികളിലേക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ കടന്നിട്ടുള്ളതെന്ന് ഫയൽ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. 26.02.19-ൽ പ്രവൃത്തി നടത്തുന്നതിന് കരാറിലേർപ്പെട്ടതിനുശേഷം 10 മാസങ്ങൾക്ക് ശേഷം, അതായത് 2.11.19-ലാണ് പ്രോജക്ടിൽ ഉദ്ദേശിച്ചിരുന്ന സ്ഥലത്ത് ടോയ്‌ലറ്റുകൾ നിർമ്മിക്കാൻ കഴിയില്ലെന്ന് അസി.എഞ്ചിനീയർ കണ്ടെത്തി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. സ്ഥലപരിശോധന നടത്തുകയോ, പ്രോജക്ടിന്റെ ഫീസിബിലിറ്റി പരിശോധിക്കുകയോ ചെയ്യാതെ ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ടെണ്ടർ ചെയ്തത് മൂലം 6 മാസം കൊണ്ട് പൂർത്തിയാക്കേണ്ട പ്രവൃത്തി പൂർത്തിയാക്കുന്നതിന് 2 വർഷം വേണ്ടിവന്നു. പ്രവൃത്തിയുടെ നിർമ്മാണം പൂർത്തിയാക്കി കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയെങ്കിലും പഞ്ചായത്ത് കോമ്പൌണ്ടിൽ നിർമ്മിച്ചിട്ടുള്ള ടോയ്‌ലറ്റുകൾ ഉപയോഗയോഗ്യമായിട്ടില്ല (പി.എച്ച്.സി-യിൽ നിർമ്മിച്ച ടെയ്‌ലറ്റുകൾ ഉപയോഗിക്കുന്നതായി ബന്ധപ്പെട്ടവർ അറിയിച്ചു). ഫൈനൽ ബിൽ പരിശോധിച്ചതിൽ ടോയ്‌ലറ്റിന്റെ അഭിവാജ്യ ഘടകമായ സെപ്റ്റിക് ടാങ്ക് കരാറുകാരൻ സ്ഥാപിച്ചിട്ടില്ലെന്ന് കണ്ടു. എസ്റ്റിമേറ്റിൽ ഉൾപ്പെട്ട ഇനം സെപ്റ്റിക് ടാങ്ക് നിർമ്മിക്കാതിരുന്നതിന് കാരണം ആരാഞ്ഞതിൽ പഞ്ചായത്ത് കോമ്പൗണ്ടിൽ നിലവിൽ ഉണ്ടായിരുന്ന സെപ്റ്റിക് ടാങ്കിൽ കണക്ഷൻ നൽകിയെന്ന് എൻജിനിയർ വിശദീകരിച്ചു. ജലലഭ്യത ഇല്ലാത്തതിനാൽ ഈ ടോയ്‌ലറ്റുകൾ പഞ്ചായത്തിന് കൈമാറി നൽകാതെ

നിലവിൽ പൂട്ടിയിട്ടിരിക്കുകയാണ് . ടോയ്‌ലറ്റുകൾ ഉപയോഗ യോഗ്യമായ രീതിയിൽ നിർമ്മാണം പൂർത്തിയാക്കാതെ കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയത് ശരിയായ നടപടിയല്ല.



ഉപയോഗശൂന്യമായ ടോയ്‌ലറ്റ്

നിർവ്വഹണം ആരംഭിക്കുന്നതിനു മുമ്പ് അസി.എഞ്ചിനിയർ റിപ്പോർട്ട് ചെയ്തതിരുന്നപോലെ പഞ്ചായത്ത് ഓഫീസ് കൊമ്പൌണ്ടിനു പുറത്ത് റോഡ് പുറമ്പോക്കിൽ നിർമ്മിച്ചിരിക്കുന്ന ടെയ്‌ലറ്റ് കോംപ്ലക്സിന് സെപ്റ്റിക് ടാങ്ക് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമല്ലെന്നാണ് ഓഡിറ്റ് നടത്തിയ പരിശോധനയിൽ വ്യക്തമാകുന്നത്. കൂടാതെ എഞ്ചിനീയറിംഗ് തത്വങ്ങൾ ഒന്നും പാലിക്കാതെ അശാസ്ത്രീയമായും, പാഴ്ചെലവ് വരുത്തുന്ന രീതിയിലുമാണ് ഇതിന്റെ നിർമ്മാണം നടത്തിയിരിക്കുന്നത്. ടോയ്‌ലറ്റിന്റെ വരാന്തയുടെ വീതി, റൂഫ് സ്ലാബിന്റെ പുറത്തേക്കുള്ള തള്ളൽ എന്നിവയൊന്നും ശാസ്ത്രീയവും ആവശ്യാധിഷ്ഠിതവുമായല്ല നടത്തിയിട്ടുള്ളതെന്ന് വ്യക്തം. ടോയ്‌ലറ്റിലേക്ക് ആളുകൾക്ക് സുഗമമായി പ്രവേശിക്കാവുന്ന തരത്തിൽ സൈറ്റ് നിരപ്പാക്കിയതിനുശേഷമല്ല നിർമ്മാണം നടത്തിയിട്ടുള്ളത്. ഒരു പൊതു കെട്ടിടത്തിന്റെ അശാസ്ത്രീയമായ നിർമ്മിതിക്കുദാഹരണമാണ് ഈ കെട്ടിടം.

നിലവിൽ പഞ്ചായത്ത് ഓഫീസ് കോമ്പൌണ്ടിൽ 4 യൂണിറ്റുകൾ ഉള്ള ഒരു ടോയ്‌ലറ്റ് കോംപ്ലക്സ് ഉപയോഗിക്കാതെ കിടക്കുമ്പോഴാണ് വീണ്ടും 6 യൂണിറ്റുകൾ കൂടി നിർമ്മിക്കുന്നതിന് പഞ്ചായത്ത് പദ്ധതി ആവിഷ്കരിച്ചത്. ഈ പദ്ധതിയുടെ ആസൂത്രണത്തിലും, നിർവ്വഹണത്തിലും നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനീയറുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചയാണ് ഉണ്ടായിട്ടുള്ളത്.

മേൽ വിവരിച്ച അപാകതകൾ മുൻനിർത്തി പ്രവൃത്തിക്ക് ചെലവഴിച്ച 1119212 രൂപ തടസ്സത്തിൽ വയ്ക്കുന്നു. പോരായ്മകൾ പരിഹരിച്ച് ടോയ്‌ലറ്റ് പൊതുജനങ്ങൾക്ക് ഉപയോഗത്തിന് തുറന്നു കൊടുക്കുന്നതിന് പഞ്ചായത്ത് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17-1 ടെണ്ടറുകൾക്ക് മത്സര സ്വഭാവം ഇല്ല; ഇ-ടെണ്ടർ അവലംബിക്കുന്നത് അഭികാമ്യം

2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 121-ഉം, 39-ഉം പുതിയ പ്രവൃത്തികളുമാണ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. ഇതിൽ 5 ലക്ഷവും, അതിൽ അധികവും അടങ്കലുള്ള പ്രോജക്ടുകളുടെ എണ്ണം യഥാക്രമം 9-ഉം, 3-ഉം ആണ്. പഞ്ചായത്തിൽ അഞ്ച് ലക്ഷത്തിൽ കുറവ് അടങ്കലുള്ള എല്ലാ പദ്ധതികളും മാന്വൽ ടെണ്ടർ ക്ഷണിച്ചാണ് നടത്തിയിട്ടുള്ളത്. പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ സ്ഥിരമായി കരാറെടുക്കുന്ന ഏതാനും വ്യക്തികൾ മാത്രമാണ് ടെണ്ടറിൽ പങ്കെടുക്കുന്നത്. എല്ലാ പ്രവൃത്തികൾക്കും പരമാവധി രണ്ട് ടെണ്ടറുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ലഭിക്കുന്ന ടെണ്ടറുകളുടെ കാര്യത്തിലാകട്ടെ മത്സര സ്വഭാവം തീരെ ഇല്ല. എസ്റ്റിമേറ്റ് നിരക്കോ, ദശാംശ കണക്കിൽ കുറഞ്ഞ നിരക്കിലോ മാത്രമാണ് എല്ലാ പ്രവൃത്തികളും കരാർ ചെയ്യപ്പെട്ടിട്ടുള്ളത്. മാന്വൽ ടെണ്ടറുകളുടെ കാര്യത്തിൽ കരാറുകാർ പരസ്പര ധാരണയുടെ അടിസ്ഥാനത്തിൽ ടെണ്ടറുകളുടെ മത്സര സ്വഭാവം അട്ടിമറിക്കുന്നുവെന്നാണ് പരിശോധനയിൽ സ്പഷ്ടമായിട്ടുള്ളത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | ടെണ്ടർ തുറന്ന തീയതി | ടെണ്ടർ സമർപ്പിച്ച കരാറുകാർ | ക്വോട്ട് ചെയ്ത നിരക്ക് |
|---|---|---|---|
| മുണ്ടപ്ലാക്കൽ ശുഭാലയം റോഡ് (55/21) | 23.10.20 | ശ്രീ ബൈജു പി.കെ. | 0.1% കുറവ് |
| | | ശ്രീ ശീമോൻ എം. | എസ്റ്റിമേറ്റ് നിരക്ക് |
| | | | |

| | | | |
|---|---|---|---|
| താഴെ പൂച്ചക്കുളം ഉണ്ടുമുറിയിൽപ്പടി റോഡ് കോൺക്രീറ്റിംഗ് (317/21) | 23.10.20 | ശ്രീ ശീമോൻ എം. | 0.1% കുറവ് |
| | | ശ്രീ ബൈജു പി.കെ. | എസ്റ്റിമേറ്റ് നിരക്ക് |
| ഓമല്ലൂർ കരികണ്ടത്തിൽപ്പടി ഡി.ആർ. (136/21) | 23.10.20 | ശ്രീ പ്രമോദ് റ്റി.പി. | 0.03% കുറവ് |
| | | ശ്രീ രാജേന്ദ്രൻ കെ.എൻ. | എസ്റ്റിമേറ്റ് നിരക്ക് |
| പേരുവാലിൽ റോഡ് ഡി.ആർ., കുഴിക്കാലപ്പടി നടപ്പാത സ്റ്റെപ്പ് നിർമ്മാണം (199/21) | 23.10.20 | ശ്രീ രാജേന്ദ്രൻ കെ.എൻ. | 0.2% കുറവ് |
| | | ശ്രീ പ്രമോദ് റ്റി.പി. | എസ്റ്റിമേറ്റ് നിരക്ക് |
| മംഗലത്ത് മേലേതിൽപടി സ്റ്റെപ്പ് നിർമ്മാണം (322/21) | 23.10.20 | ശ്രീ നിധിൻ പി.എസ്. | 0.02% കുറവ് |
| | | ശ്രീ സജികുമാർ പി.എസ്. | എസ്റ്റിമേറ്റ് നിരക്ക് |
| ആയുർവേദ ആശുപത്രിക്ക് റൂഫിംഗ് (189/21) | 13.11.20 | ശ്രീ സജികുമാർ പി.എസ്. | 0.02% കുറവ് |
| | | ശ്രീ നിധിൻ പി.എസ്. | എസ്റ്റിമേറ്റ് നിരക്ക് |

2019-20 വർഷം 9 മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തപ്പോൾ 518634 രൂപ ടെണ്ടർ സേവിംഗ്സ് ലഭിച്ചു. എന്നാൽ 106 പ്രവൃത്തികൾ മാന്വൽ ടെണ്ടർ ക്ഷണിച്ചപ്പോൾ കേവലം 20294 രൂപ മാത്രമാണ് ടെണ്ടർ സേവിംഗ്സ് ലഭിച്ചത്. അതുപോലെ തന്നെ 2020-21 വർഷം 3 പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തപ്പോൾ 217939 രൂപയും, 32 പ്രവൃത്തികൾ മാന്വൽ ടെണ്ടർ ചെയ്തപ്പോൾ 6438 രൂപയുമാണ് ടെണ്ടർ സേവിംഗ്സ്. ഇ-ടെണ്ടർ ക്ഷണിക്കുന്നത് മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ലഭിക്കുന്നതിനും, അതിലൂടെ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ഗണ്യമായ തുക പഞ്ചായത്തിന് ലാഭിക്കുന്നതിനും സഹായകമാണെന്നിരിക്കെ, മാന്വൽ ടെണ്ടർ രീതി അവലംബിക്കുന്നതിലൂടെ കരാറുകാർക്കിടയിലെ മത്സര സ്വഭാവം ഇല്ലാതാകുന്ന സ്ഥിതിവിശേഷത്തിന് അവസരമൊരുക്കുന്നു. ഈ നടപടി പഞ്ചായത്തിന്റെ ഉത്തമ താല്പര്യങ്ങൾക്ക് ഗുണകരമല്ലെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ക്രമക്കേടിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അസി.എഞ്ചിനീയർ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല.

പഞ്ചായത്തിന്റെ ടെണ്ടർ നടപടികളിൽ മത്സര സ്വഭാവം നിലനിർത്തുന്നതിന് ഭാവിയിൽ അഞ്ച് ലക്ഷം രൂപയിൽ കുറവ് അടങ്കലുള്ള പ്രവൃത്തികളും ഇ-ടെണ്ടർ ചെയ്യുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനം കൈകൊള്ളുന്നത് ഉചിതമായിരിക്കുമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-17-2 ടെണ്ടർ നടപടികൾ സുതാര്യമല്ല

2020-21 വർഷത്തെ ടെണ്ടർ നടപടികളിൽ സുതാര്യതയില്ല. മരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ചുകൊണ്ട് പത്രം പരസ്യം നൽകിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിട്ടില്ല. ടണ്ടർ പരസ്യത്തിന്റെ കരട്, പത്ര പരസ്യത്തിന്റെ ഫയൽ കോപ്പി മുതലായവയൊന്നും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ടെണ്ടർ പരസ്യങ്ങൾ സംക്ഷിപ്തമായി പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതോടൊപ്പം തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണ്. ടെണ്ടർ പരസ്യം വെബ്സൈറ്റിൽ പ്രസിദ്ധീകരച്ചതിനുശേഷം ആയതിന്റെ വിൻഡോ നമ്പർ സൂചിപ്പിച്ചുകൊണ്ട് ദിനപത്രത്തിൽ വിൻഡോ പരസ്യം നൽകുകയാണ് വേണ്ടത്. ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ പരസ്യങ്ങൾ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതിന്റെ വിൻഡോ നമ്പർ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറിക്ക് അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കിയില്ല.

## 1-18 അവഗണനയിലാണ് ആയുർവേദാശുപത്രി; കെട്ടിടത്തിന്റെ അവസ്ഥ ശോചനീയം

തേക്കുതോട് ഗവ. ആയുർവേദ ആശുപത്രി ശോച്യാവസ്ഥയിൽ. കെട്ടിടത്തിന്റെ ചോർച്ചയും, അസൗകര്യങ്ങളും

കാരണം ആശുപത്രി ജീവനക്കാരും രോഗികളും ബുദ്ധിമുട്ടുന്നു.

മഴപെയ്താൽ ഡോക്ടറുടെ മേശപ്പുറത്തേക്കാണ് മേൽക്കൂര ചോർന്ന് വെള്ളം വീഴുന്നത്. ഭിത്തികൾ എല്ലാം ഈർപ്പം നിറഞ്ഞ അവസ്ഥയിലാണ്. സ്റ്റോർ റൂമിൽ സൂക്ഷിച്ചിരിക്കുന്ന ഔഷധ ചൂർണ്ണങ്ങൾ ഈർപ്പം തട്ടി നശിക്കുന്നു. കെട്ടിടത്തിനുള്ളിലുള്ള സ്റ്റെയർകെയ്സിലൂടെ വെള്ളം തളം കെട്ടി നിൽക്കുന്ന മുകൾനിലയിൽനിന്നും ഇടനാഴിയിലേക്ക് വെള്ളം ഒലിച്ചിറങ്ങുന്നു. 2018-19 വർഷം ആരംഭിച്ച അടുക്കള നിർമ്മാണം ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. അടുക്കളയുടെ മുകൾഭാഗത്ത് കോൺക്രീറ്റ് ഇട്ട് നിരപ്പാക്കാത്തതിനാൽ വെള്ളം കെട്ടി കിടക്കുന്നു. നിലവിൽ അടുക്കളയുടെ പണി പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ ഡോക്ടറുടെ മുറിയിലാണ് അലമാരകളെല്ലാം വച്ചിരിക്കുന്നത്. ഇതു കാരണം കൺസൾട്ടേഷൻ റൂമിൽ ആവശ്യമയ സ്ഥല സൗകര്യമില്ല. വേണ്ടത്ര ആസൂത്രണമില്ലാതെയാണ് പല വർഷങ്ങളിൽ വിവിധ പദ്ധതികളിലായി ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് കെട്ടിടം വിപുലപ്പെടുത്തിയിട്ടുള്ളത്. പലപ്പോഴായി കെട്ടിടം വിപുലീകരിച്ചപ്പോൾ മുറികൾ വെളിച്ചവും വായു സഞ്ചാരവും കുറയുന്ന തരത്തിലായി. വൈദ്യുതി മുടങ്ങിയാൽ വെളിച്ചം കടന്നുവരാത്ത മുറിയിൽ വേണം രോഗികളെ പരിശോധിക്കേണ്ടത്. ഉള്ള ജനലുകൾ തുറന്നാൽ പിന്നെ അവ അടയ്ക്കാൻ കഴിയില്ല. ദിനംപ്രതി 50-നും 100-നും ഇടയ്ക്ക് രോഗികളാണ് പഞ്ചായത്തിന്റെ കീഴിലുള്ള ഈ ആശുപത്രിയിൽ എത്തുന്നത്. പരിമിതമായ രോഗ ചികിത്സാ സൌകര്യങ്ങൾ മാത്രമുള്ള തണ്ണിത്തോട് പോലെയൊരു മലയോര പ്രദേശത്ത് സാധാരണക്കാരായ ജനങ്ങൾക്ക് വലിയ ആശ്രയമാണ് ഈ ആതുരാലയം. നിലവിൽ പണി നടത്തുന്ന കാരാറുകാരൻ പണികൾ എത്രയും വേഗം പൂർത്തിയാക്കുന്നതിനും കെട്ടിടത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും അധികൃതർ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 പാർട്ട് ബിൽ കൈപ്പറ്റി പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ നിയമാനുസൃത നടപടിയില്ല

2020-21 സാമ്പത്തിക വർഷം പാർട്ട് ബിൽ സമർപ്പിച്ച് തുക കൈപ്പറ്റിയിട്ടുള്ള ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ സമർപ്പിച്ചിട്ടില്ല.

| ക്രമ നം,. | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര്, അടങ്കൽ | കരാകരാറുകരന്റെ പേര്, കരാർ നം., തീയതി | എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട കാലയളവ് | പാർട്ട് ബിൽ നൽകിയ തീയതി | പാർട്ട് ബിൽ തുക |
|---|---|---|---|---|---|---|
| 1 | 331/20 | കരിമാൻതോട് വലിയ തോട് പൊൻമലക്കുഴി ഡി.ആർ. (വാർഡ് 7)<br>അടങ്കൽ -500000 | ശ്രീ പ്രമോദ് റ്റി.പി.<br>113/AE/LSGD/TND/19-20, Dtd. 15.05.20 | 4 Months | 30.03.21 | 287376 |
| 2 | 74/19 | മെറ്റീരിയൽ കളക്ഷൻ സെന്റർ<br>അടങ്കൽ - 975000 | ശ്രീ ശീമോൻ .<br>93/AE/LSGD/TND/18-19, Dtd. 24.01.19 | 6 Months | 04.01.21 | 446566 |
| 3 | 77/19 | ആയുർവേദ ആശുപത്രിക്ക് സ്റ്റോർ റൂം അടുക്കള നിർമ്മാണം<br>അടങ്കൽ - 450000 | ശ്രീ സജികുമാർ പി.എസ്.<br>95/AE/LSGD/TND/18-19, Dtd. 25.02.19 | 6 Months | 30.03.21 | 201159 |
| 4 | 141/20 | തേക്കുതോട് മാർക്കറ്റ് റോഡ് ചപ്പാത്ത്, | ശ്രീ രാജേന്ദ്രൻ കെ.എൻ. | 4 Months | 09.03.21 | 184007 |

| | | | | | | |
|---|---|---|---|---|---|---|
| | | ഐറിഷ് ഓട (വാർഡ് 5) അടങ്കൽ - 250000 | 101/AE/LSGD/TND/19-20, Dtd. 04.03.20 | | | |
| 5 | 129/20 | തേക്ക്തോട് മൂഴി ഏഴാന്തല റോഡിൽ റോഡിൽ പടിഞ്ഞാറ്റേതിൽ പടി കലുങ്ക് വാർഡ് (6) അടങ്കൽ - 1500000 | ശ്രീ ശശിധരക്കുറുപ്പ് 103/AE/LSGD/TND/19-20, Dtd. 09.03.20 | 4 Months | 29.03.21 | 409767 |

എഗ്രിമെന്റ് കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത ടി കരാറുകാർ പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നത് അപേക്ഷ നൽകിയിട്ടില്ല. യഥാസമയം പ്രവൃത്തി പൂർത്തിയാക്കാതെ കരാർ ലംഘനം നടത്തിയ കരാറുകാർക്കെതിരെ ചട്ടപ്രകാരമുള്ള യാതൊരു തുടർനടപടികളും അസി.എഞ്ചിനീയർ സ്വീകരിച്ചിട്ടുള്ളതായി കണ്ടില്ല. ഈ വിഷയത്തിൽ വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാർ പഞ്ചായത്തുമായി ഏർപ്പെട്ടിട്ടുള്ള കരാർ ഉടമ്പടിയിലെ വ്യവസ്ഥകൾ പ്രകാരമുള്ള തുടർനടപടികൾ അസി.എഞ്ചിനീയർ സ്വീകരിക്കേണ്ടതാണ്.

## 1-20 ലൈഫ്-ഭൂരഹിതർക്ക് ഭൂമി വാങ്ങൽ-സബ്സിഡി അനുവദിച്ചതിൽ അപാകം

രേഖകൾ കൃത്യമായി പരിശോധിക്കുന്നതിലുണ്ടായ പിഴവ് ഒരേ കുടുംബത്തിലെ അംഗങ്ങൾ ഭൂമി കൈമാറിയതിന് സബ്സിഡി നൽകുന്നതിന് ഇടയാക്കി. വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം നടപ്പിലാക്കിയ ലൈഫ് ഭൂരഹിത ഭവന രഹിതർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം എന്ന പ്രോജക്ട്(164/2021) പ്രകാരം ജനറൽ വിഭാഗത്തിൽപ്പെടുന്ന 6 ഗുണഭോക്താക്കൾക്കും എസ്.സി.പി. വിഭാഗത്തിലുള്ള ഒരാൾക്കും ആനുകൂല്യം നൽകിയിട്ടുണ്ട്. ജനറൽ വിഭാഗത്തിന് 3 സെന്റിന് 2ലക്ഷം രൂപയും എസ്.സി. വിഭാഗത്തിന് 2.25 ലക്ഷം രൂപ ക്രമത്തിലുമാണ് ഗുണഭോക്താക്കൾക്ക് ഭൂമി നൽകിയവർക്ക് അനുവദിച്ചത്.

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് | ബിൽ നം/തീയതി |
|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 1100000 | 725000 | 100000(8-07/07/2020)<br>225000(11/18.07.2020)<br>200000(13-21.08.2020)<br>200000(15-28.08.2020) |
| ബ്ലോക്ക് വിഹിതം | 700000 | 700000 | 600000(6-07/06/2020)<br>100000(7-07/06/2020) |

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

ജനറൽ വിഭാഗത്തിലെ ശ്രീമതി വിജയമ്മ, ശോഭാ വിലാസം, മണ്ണീറ എന്ന ഗുണഭോക്താവിന് ഭൂമി നൽകിയ ശ്രീമതി ശോഭയ്ക്ക് 2 ലക്ഷം രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ ശ്രീമതി വിജയമ്മ ഭൂമി വാങ്ങിയിരിക്കുന്നത് മകളായ ശ്രീമതി ശോഭയിൽ നിന്നാണ് എന്ന് വ്യക്തമായി. ഇവർ രണ്ടുപേരും തന്നെ ഒരേ റേഷൻകാർഡിൽ ഉൾപ്പെട്ടിരിക്കുന്നവരാണ് (കാർഡ് നമ്പർ-1373012146). ശ്രീമതി ശോഭയും ഭർത്താവ് ഭരത് ഭായിയും 21.01.2013 -ൽ ശ്രീ.സുദർശനനിൽ നിന്നും വാങ്ങിയ 1.41 ആർ വസ്തു പിതാവായ ജനാർദ്ധനന്റേയും മാതാവായ വിജയമ്മയുടേയും പേരിൽ കൈമാറിയതായി തീറാധാരം എഴുതി സബ്സിഡി തുക കൈപ്പറ്റുകയാണ് ചെയ്തിരിക്കുന്നത്. ഭൂമി വാങ്ങുന്നതിന് ആനുകൂല്യം ലഭിച്ച മറ്റ് ആറ് ഗുണഭോക്താക്കളും ഭവന നിർമ്മാണത്തിന് എഗ്രിമെന്റ് വച്ച് ധനസഹായം കൈപ്പറ്റിയെങ്കിലും ശ്രീമതി വിജയമ്മ നാളിതുവരെ ഗ്രാമ പഞ്ചായത്തുമായി എഗ്രിമെന്റ് വച്ചിട്ടില്ല. ജി.ഒ(എം.എസ്)121/2019/ത.സ്വ.ഭ.വ തീയതി 30/09/2019 നമ്പർ ഉത്തരവ് പ്രകാരം ഗുണഭോക്താവിന്റെയോ കുടുംബാംഗങ്ങളുടേയോ പേരിൽ ഭൂമിയുണ്ടാകാൻ പാടില്ല എന്നതാണ് ലൈഫ് പ്രോജക്ട് പ്രകാരം ഭൂമി നൽകുന്നതിന്റെ

മാനദണ്ഡം എന്നിരിക്കേ, കുടുംബാംഗങ്ങൾ തമ്മിൽ കൈമാറിയ ഭൂമിക്ക് സബ്സിഡി അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18/12.08.2021) തുക തിരികെ ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയ്ക്ക് കത്ത് നൽകിയതായി അറിയിച്ചു. ഈ സാഹചര്യത്തിൽ തുക ഈടാക്കി അറിയിക്കുന്നതുവരെ 200000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 ഡെപ്പോസിറ്റ് പ്രവൃത്തികൾ -ചെലവഴിക്കാതെ ശേഷിക്കുന്ന തുക തിരികെ ഈടാക്കിയിട്ടില്ല

വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധിച്ചതിൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിനുശേഷവും വാട്ടർ അതോറിറ്റിയിൽ തുകകൾ ചെലവഴിക്കാതെ ശേഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തികളുടെ പേര്/ പ്രോജക്ട് നംപർ | വർഷം | നിക്ഷേപിച്ച തുക | പൂർത്തീകരണ സർട്ടിഫിക്കറ്റ് പ്രകാരം ചെലവ് | വാട്ടർ അതോറിറ്റിയിൽനീക്കിയിരിപ്പുള്ള തുക |
|---|---|---|---|---|---|
| 1 | എ)മണ്ണീറ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ, ബി)മായപ്പടി ഭാഗം കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ | 2017-18 | 200000 50000 | 178846 | 71154 |
| 2 | അങ്കണവാടി കുടിവെള്ള സൗകര്യം ഒരുക്കൽ | 2017-18 | 212400+82000 =294400 | 175166 | 119234 |
| 3 | കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ(വാർഡ് 7,11,13) | 2017-18 | 1100000 | 1037015 | 62985 |
| | | | | | 253373 |

2018 -ൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചുവെങ്കിലും ടി തുക തിരികെ ഈടാക്കുന്നതിനോ തുടർ വർഷങ്ങളിലെ പ്രോജക്ടുകൾക്കായി ക്രമീകരിക്കുന്നതിനോ നടപടി സ്വീകരിച്ചതായോ കാണുന്നില്ല. പ്രവൃത്തികൾ പൂർത്തീകരിച്ചതിനു ശേഷം വാട്ടർ അതോറിറ്റിയിൽ ശേഷിക്കുന്ന 253373 രൂപ തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/12.08.2021) മറുപടിയായി തുക തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ മരുന്ന് വാങ്ങുന്നതിനായി താഴെപ്പറയും പ്രകാരം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് തുകകൾ കൈമാറിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ടിന്റെ പേര്,നം. | അടങ്കൽ | ആകെചെലവ് | മരുന്നുകൾക്കും ഉപകരണങ്ങൾക്കും ചെലവഴിച്ച തുക, ബിൽ നം. |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | /തീയതി |
| 1 | പാലിയേറേറീവ് കെയർ3/2021 | 700000 | 677732 | 260080<br>10/07.07.20 |
| 2 | കുടുംബാരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ, 10/2021 | 500000 | 500000 | 300000<br>9/7.07.20<br>19995<br>12/30.07.20<br>180005<br>28/21.12.20 |

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ടി. പ്രോജക്ടുകൾക്കുള്ള മരുന്നുകൾ ലഭിച്ചിട്ടുള്ളത് പരിശോധിക്കുന്നതിന് സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയില്ല. മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (26/27.08.2021) മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-23 മരുന്നുകൾ ലഭ്യമായില്ല

ഹോമിയോ മെഡിക്കൽ ഓഫിസർ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന മരുന്ന് വാങ്ങൽ പ്രോജക്ടുകളിൽ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്,നം. | അടങ്കൽ | ചെലവ് തുക | ബിൽ നം. / തീയതി | സ്ഥാപനം | ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നുകൾ(രൂപയിൽ) |
|---|---|---|---|---|---|---|
| 1 | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ,156/21 | 500000 | 500000 | 1/20-21<br>21.10.20 | ഔഷധി | 29615 |
| 2 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ,157/21 | 300000 | 300000 | 2/20-21<br>21.10.20 | ഹോംകോ | 300000 |

അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ആയത് സ്റ്റോക്കിലുൾപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-24 ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

ഓഡിറ്റ് വർഷം താഴെപ്പറയുന്ന വൗച്ചറുകൾ പ്രകാരം പിൻവലിച്ച തുകകളുടെ ചെലവ് സംബന്ധിച്ച് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| തീയതി | വൗച്ചർ നം | വിശദാംശങ്ങൾ | തുക | ചെക്ക് നം/ തീയതി |
|---|---|---|---|---|
| 14.05.2020 | 52000072 | വാഹന വാടക | 160000 | 2457/14.05.2020 |
| 31.03.2021 | 22001176 | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ | 130000 | Transferred On 31.03.21 |

16/18.08.2021-ാം നമ്പർ എൻക്വയറി പ്രകാരം ചെലവ് രേഖകൾ ആവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. ടി. വൗച്ചറുകൾ പ്രകാരമുള്ള ചെലവുകളുടെ വിശദാംശം ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കുന്നത് വരെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 സെക്യൂരിറ്റി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

കരാറുകാരിൽ നിന്നും ജാമ്യനിക്ഷേപമായി ലഭിക്കുന്ന പലിശ കിട്ടുന്ന സെക്യൂരിറ്റികളുടെ കൈപ്പറ്റലും, തിരിച്ച് നൽകലും നിരീക്ഷിക്കുവാനായി KPWD ഫാറം 81-ൽ പലിശകിട്ടുന്ന സെക്യൂരിറ്റികളുടെ രജിസ്റ്റർ സൂക്ഷിക്കുവാൻ കേരള പൊതുമരാമത്ത് അക്കൗണ്ട് കോഡിൽ നിഷ്കർഷിച്ചിട്ടുണ്ട്. (ഖ-15.6.1)എന്നാൽ സ്ഥാപനത്തിൽ ഈ വിധമുള്ള ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സെക്യൂരിറ്റികൾ യഥാവിധി സൂക്ഷിച്ചിട്ടില്ലാത്തതിനാലും, ക്രമപ്രകാരം രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാലും സ്ഥാപനം കൈപ്പറ്റിയതും, തിരിച്ച് നൽകിയതുമായ സെക്യൂരിറ്റികളുടെ വിവരം പരിശോധിക്കുന്നതിന് ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് പഞ്ചായത്തിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-26 സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്ത് 197 പൊതു ടാപ്പുകളുടെ വെള്ളക്കരമായി പ്രതിമാസം 86188 രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കുന്നുണ്ട്. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള പ്രവർത്തന ക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധനയിലൂടെ നിജപ്പെടുത്താതെയാണ് ഇപ്രകാരം വെള്ളക്കരം ഒടുക്കുന്നത്. 21.02.19-ലെ നം.ഡി.എ.1/17/2019/ തസ്വഭവ നമ്പർ സർക്കുലർ പ്രകാരം പൊതുടാപ്പുകളുടെ എണ്ണം നിശ്ചയിക്കുന്നതിനായി സംയുക്ത പരിശോധന നടത്തണമെന്നും കോളനികളിലെ ഒഴികെയുള്ള സ്ഥലങ്ങളിലെ പ്രവർത്തന രഹിതമായ ടാപ്പുകൾ ഒഴിവാക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. സാമ്പത്തിക പ്രതിസന്ധി നേരിടുന്ന പഞ്ചായത്തിലെ ഒരു പ്രധാന ആവർത്തന ചെലവ് എന്ന നിലയിൽ സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം നിശ്ചയിക്കാതെ വെള്ളക്കരം ഒടുക്കുന്നത് ശരിയായ നടപടിയല്ല. സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തുന്നതിന് പഞ്ചായത്ത് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം

സാംക്രമിക രോഗവാഹികളെ നിയന്ത്രിക്കുക, രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുക, രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ദേശീയതലത്തിലും സംസ്ഥാനതലത്തിലുമുള്ള തന്ത്രങ്ങളും പരിപാടികളും ഫലപ്രദമായി നടപ്പാക്കുക എന്നിവ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 166(1), പട്ടിക മൂന്ന് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യചുമതലകളിൽ ഉൾപ്പെടുന്നു. 'കോവിഡ് 19' എന്ന സാംക്രമിക രോഗത്തിന്റെ പശ്ചാത്തലത്തിൽ സ്ഥാപനത്തിൽ ഈ ഉത്തരവാദിത്വങ്ങളുടെ ഫലപ്രദമായ നിർവ്വഹണം പ്രാധാന്യമർഹിക്കുന്നു. മാർച്ച് 2019 മാസം മുതലുള്ള കോവിഡ് നിയന്ത്രണ, പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ടെന്ന് പഞ്ചായത്ത് ഭരണസമിതി, ആരോഗ്യവിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സുകളും ചെലവ് രേഖകളും വ്യക്തമാക്കുന്നുണ്ട്.

കോവിഡ് നിയന്ത്രണപ്രവർത്തനങ്ങൾക്കായി സി.എഫ്.എൽ.റ്റി.സി ആരംഭിക്കുന്നതിനായി എലിമുള്ളുംപ്ലാക്കൽ ഗവ.ഹയർസെക്കൻഡറി സ്കൂളിൽ സൗകര്യങ്ങൾ ഒരുക്കുന്നതിനായി വികസന ഫണ്ടിൽ നിന്നും 261306 രൂപ ചെലവഴിച്ചു. ഇതിൽ 90,000 രൂപ ബെഡ്, പില്ലോ എന്നിവ വാങ്ങുന്നതിനും ബാക്കി തുക മരാമത്ത് പ്രവൃത്തികൾക്കുമായിരുന്നു. സി.എഫ്.എൽ.റ്റി.സി. പ്രവർത്തനം തുടങ്ങാത്തതിനാൽ ഈ സാധനങ്ങൾ ഉപയോഗിച്ചിട്ടില്ല. സ്റ്റോക്കിലെടുത്തിട്ടുള്ള ഇവ സ്കൂളിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്.

08/05/2020 മുതൽ മണ്ണീറ ടൂറിസ്റ്റ് ലോഡ്ജിൽ സി.സി.സി. പ്രവർത്തനം ആരംഭിക്കുകയും തനത് ഫണ്ടിൽ നിന്നും 709804/ രൂപ ചെലവഴിക്കുകയുമുണ്ടായി. 22/05/2021 മുതൽ ഈ കെട്ടിടം ഡി.സി.സി. ആയി പ്രവർത്തിക്കുകയാണ്. ഡി.സി.സി.യുടെ പ്രവർത്തനങ്ങൾക്കായി നാളിതുവരെ 110141 രൂപ ചെലവഴിച്ചിട്ടുണ്ട്. സി.സി.സി-യിൽ 231 പേരെയും ഡി.സി.സി.-യിൽ 31 കോവിഡ് രോഗികളേയും നാളിതുവരെ പ്രവേശിപ്പിച്ചിട്ടുണ്ട്. സി.സി.സി. പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച 709804 രൂപയിൽ 232852 രൂപ സ്റ്റേറ്റ് ഡിസ്സസ് റിലീഫ് ഫണ്ടിൽ നിന്നും തിരികെ ലഭിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 2020 വർഷം 11200 രൂപയും 2021-ൽ 28800 രൂപയും കമ്മ്യൂണിറ്റി കിച്ചണിന്റെ പ്രവർത്തനത്തിനായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. യൂത്ത് വോളന്റിയർമാർക്ക് സി.എച്ച്.സി. മുഖേന പരിശീലനം നൽകിയിട്ടുണ്ട് എന്ന് അധികൃതർ അറിയിച്ചു. ഹെൽപ്പ് ഡെസ്ക്, മോണിട്ടറിംഗ് സമിതി എന്നിവ രൂപീകരിച്ചിട്ടുണ്ട്.

എന്നാൽ പഞ്ചായത്ത് തലത്തിൽ നടക്കുന്ന പ്രതിരോധ പ്രവർത്തനങ്ങളുടെ യഥാർത്ഥ ചിത്രം ലഭ്യമാകുന്ന പ്രവർത്തന റിപ്പോർട്ടുകളോ,വിലയിരുത്തലുകളോ സ്ഥാപനത്തിൽ ലഭ്യമല്ല. ഇത് കൊണ്ട് തന്നെ പ്രവർത്തനങ്ങളുടെ സജീവതയും ഫലപ്രാപ്തിയും വിലയിരുത്താൻ കഴിയുന്നില്ല. കോവിഡ് നിയന്ത്രണവിധേയമാകാതെ നിലനില്ക്കുന്ന അവസ്ഥ ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നു. കോവിഡ് നിയന്ത്രണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സെക്ടറൽ മജിസ്ട്രേറ്റ്,

ഹെൽത്ത് വിഭാഗം ജീവനക്കാർ എന്നിവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ സമയാസമയങ്ങളിൽ നല്കേണ്ടതുമുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ആരോഗ്യ വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സജീവമായ ഇടപെടൽ ഉണ്ടാകണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-28 ജലജീവൻ മിഷൻ

കേരളത്തിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ള കണക്ഷൻ നൽകുവാനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന ജലജീവൻ മിഷൻ(2020-21) പദ്ധതിയുടെ ഭാഗമാകാൻ 24.07.2020-ലെ 1(1) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകിയിരുന്നു. ജി.ഒ(ആർ.റ്റി)541/2020/WRDതീ.21/08/2020 പ്രകാരം ഭരണാനുമതിയും ലഭിച്ചു. പ്രോജക്ടിന്റെ 15% ഗ്രാമപഞ്ചായത്ത് വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. ബാക്കി തുക കേന്ദ്ര സംസ്ഥാന വിഹിതമാണ്. ഗ്രാമപഞ്ചായത്തിൽ വാട്ടർ അതോറിറ്റി മുഖേനയാണ് പ്രോജക്ട് നിർവ്വഹണം നടത്തുന്നത്.

വാട്ടർ അതോറിറ്റി ഗ്രാമപഞ്ചായത്തിനായി തയ്യാറാക്കിയ Detailed Engineering Report അനുസരിച്ച് ആകെയുള്ള 3946 കുടുംബങ്ങളിൽ 883 ഹൗസ് കണക്ഷനുകളാണ് നിലവിലുള്ളത്. ഡി.ഇ.ആർ പ്രകാരം 2020-21 വർഷം 200 FHTC(Functional House Tap Connection) അനുവദിക്കുന്നതിന് 3135531 രൂപ വകയിരുത്തിയിരുന്നു. ആയതിന്റെ 15% ആയ 470330 രൂപ എക്സിക്യൂട്ടീവ് എൻജിനീയറുടെ 09/10/2020-ലെ കത്തിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിൽ 2020-21 വർഷം ഒടുക്കിയിട്ടുണ്ട്. എന്നാൽ 10% ഗുണഭോക്തൃ വിഹിതം ഗ്രാമപഞ്ചായത്ത് തലത്തിൽ സ്വരൂപിച്ച് കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. 200 കുടുംബങ്ങൾക്കും ഹൗസ് കണക്ഷൻ ലഭിച്ചതായി എക്സിറ്റ് മീറ്റിംഗിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചു. എന്നാൽ പൂർത്തീകരണ രേഖകൾ വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടില്ല.

കുടിവെള്ള ക്ഷാമം വലിയ തോതിൽ അനുഭവപ്പെടുന്ന തണ്ണിത്തോട് ഗ്രാമപഞ്ചായത്തിലെ ആകെ കുടുംബങ്ങളിൽ 27.45 ശതമാനത്തിന് നിലവിൽ കുടിവെള്ള കണക്ഷൻ ലഭ്യമായിട്ടുണ്ട്. ജലജീവൻ പദ്ധതിയിൽ പുതിയ കുടിവെള്ള പദ്ധതികൾ ആവിഷ്കരിച്ചാൽ എല്ലാ കുടുംബങ്ങൾക്കും ഹൗസ് കണക്ഷൻ ലഭ്യമാക്കുവാൻ ഗ്രാമപഞ്ചായത്തിന് സാധിക്കും. ഗ്രാമപഞ്ചായത്ത് വിഹിതം/ഗുണഭോക്തൃ വിഹിതം കണ്ടെത്താൻ ബുദ്ധിമുട്ടുണ്ടെങ്കിൽ എം.എൽ.എയുടെ ആസ്തി വികസന ഫണ്ട് ഉപയോഗിക്കുന്നതിന് സർക്കാരിന്റെ അനുമതി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-29 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നീ നിർവ്വഹണ ഏജൻസികൾക്ക് നിക്ഷേപ പ്രവൃത്തികൾക്കായി മുൻകൂറായി തുക നൽകിയതും നാളിതുവരെ പൂർത്തീകരിക്കാത്തതുമായ നിക്ഷേപ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പ്രവൃത്തിയുടെ പേര് | നിർവണ ഏജൻസി | മുൻകൂർ നൽകിയ തുക |
|---|---|---|---|
| 2018-19 | മേക്കണ്ണം ഇടക്കണ്ണം കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ, 62/19 | വാട്ടർ അതോറിറ്റി | 600000 |
| 2019-20 | മഹാദേവർ ക്ഷേത്രം ഇലവനാമുക്കട റോഡ് പൈപ്പ് ലൈൻ നീട്ടൽ | വാട്ടർ അതോറിറ്റി | 200000 |
| 2019-20 | മേക്കണ്ണം ഇടക്കണ്ണം കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ(വാർഡ് 13) | വാട്ടർ അതോറിറ്റി | 200000 |
| 2019-20 | മണ്ണീറ ഹോമിയോ ആശുപത്രിയ്ക്ക് കുടിവെള്ള സൗകര്യം | ഭൂജല വകുപ്പ് | 146000 |
| 2020-21 | 3-ാം വാർഡിൽ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ(44/21) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 477900 |
| 2020- | താഴെ പൂച്ചക്കുളം റോഡിൽ | കേരള സ്റ്റേറ്റ് | 88500 |

| | | | |
|---|---|---|---|
| 21 | നടരാജവിലാസം പടിസ്ട്രീറ്റ് ലൈൻ നീട്ടൽ(45/21) | ഇലക്ട്രിസിറ്റി ബോർഡ് | |
| 2020-21 | വിവിധ വാർഡുകളിൽ തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ(218/21) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 1052407 |
| 2020-21 | തേക്ക് തോട് – ളുമ്പാക്കുളം സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ(വാർഡ്-4)(326/21) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 153400 |
| 2020-21 | തണ്ണിത്തോട് മാർക്കറ്റിന് സമീപം ഇലകിടിക്കൽ ലൈൻ നീട്ടൽ(328/21) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 41360 |
| 2020-21 | എലിമുള്ളുംപ്ലാക്കൽ കുടിവെള്ള പദ്ധതി(വാർഡ് 10)(336/21) | കേരള വാട്ടർ അതോറിറ്റി | 28,00,000 |
| 2020-21 | ജലജീവൻ മിഷൻ പദ്ധതി(346/21) | കേരള വാട്ടർ അതോറിറ്റി | 440550 |

മണ്ണീറ ഹോമിയോ ആശുപത്രിയ്ക്ക് കുടിവെള്ള സൗകര്യം പ്രോജക്ട് പൂർത്തീകരിച്ചുവെങ്കിലും ഭൂജല വകുപ്പിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. നിർവ്വഹണ ഏജൻസിയുമായി എഗ്രിമെന്റ് വച്ചിട്ടാണ് മേൽ സൂചിപ്പിച്ച പ്രവത്തികൾക്കായി തുക മുൻകൂറായി നിക്ഷേപിച്ചത്. എഗ്രിമെന്റ് കാലാവധിക്കുള്ളിൽ തന്നെ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ ഭരണസമിതിയോട് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-30 സംയുക്ത പദ്ധതി അക്കൗണ്ടിൽ ചെലവഴിക്കാതെ ശേഷിക്കുന്നത് 54.38 ലക്ഷം രൂപ

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി ജില്ല/ബ്ലോക്ക് പഞ്ചായത്തുകളിൽനിന്നും ലഭിക്കുന്ന ഫണ്ട് നിക്ഷേപിക്കുന്നതിന് പഞ്ചായത്ത് ആരംഭിച്ചിട്ടുള്ള സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ 5438979 രൂപ ചെലവാകാതെ അവശേഷിക്കുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ജില്ലാ പഞ്ചായത്ത് | |
|---|---|
| പ്ലാസ്റ്റിക് ഷ്രഡിംഗ് മെഷീൻ(2016-17) | 10,00,000 |
| എസ്.എൻ.പി. ഷെയർ(2019-20) | 94296 |
| ലൈഫ് ജനറൽ (2019-20) | 858849 |
| ലൈഫ്(എസ്.സി.പി)(2019-20) | 205317 |
| ബ്ലോക്ക് പഞ്ചായത്ത് | |
| 31.03.2019-ന് നീക്കിയിരിപ്പുള്ളത് | 941368(ഇനം തിരിച്ച വിശദാംശം ലഭ്യമായില്ല) |
| വന്യമൃഗങ്ങളിൽ നിന്നും സംരക്ഷണം(2019-20) | 1000000 |
| എസ്.എൻ.പി. ഷെയർ(2019-20) | 150000 |
| ലൈഫ് ജനറൽ (2019-20) | 16000 |
| ലൈഫ്(എസ്.സി.പി)(2019-20) | 48250 |
| മിൽക്ക് ഇൻസെന്റീവ് | 45009 |
| GWUPS-ന് അടുക്കള നിർമ്മാണം | 150941 |

ഇതു കൂടാതെ അനുപൂരക പോഷകാഹാര പ്രോജക്ടിന് ലഭിക്കുന്ന സെൻട്രൽ ഷെയറും 2020-21 മുതൽ ഈ അക്കൗണ്ടിൽ നിക്ഷേപിക്കുന്നുണ്ട്. പ്ലാസ്റ്റിക് ഷ്രഡിംഗ് മെഷീൻ നിർമ്മാണത്തിനായി ജില്ലാ പഞ്ചായത്തിൽ നിന്നും വന്യജീവികളിൽ നിന്നും വിള സംരക്ഷിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 10 ലക്ഷം രൂപ വീതം ലഭിച്ചെങ്കിലും സംയുക്ത പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടില്ല. 2020-21 മുതൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതം റിക്വിസിഷൻ പ്രകാരം നേരിട്ട് നൽകുകയാണ്.

സംയുക്ത പ്രോജക്ടുകളുടെ വിഭവ വിനിയോഗത്തിന് 23.01.2017-ലെ ജി.ഒ.(പി.)നം.07/2017/ധന. നമ്പർ ഉത്തരവ് പ്രകാരം ധനവകുപ്പ് പുറപ്പെടുവിച്ച മാർഗ്ഗരേഖ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന തുക അതേവർഷം ചെലവഴിക്കാൻ കഴിയില്ലെങ്കിൽ ഫെബ്രുവരി 28-നകം തുക നൽകിയ തദ്ദേശഭരണ സ്ഥാപനത്തിന് തിരികെ നൽകണം. സാമ്പത്തിക വർഷാന്ത്യത്തിൽ സംയുക്ത പ്രോജക്ടിന്റെ നിർവ്വഹണ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽനിന്നുള്ള ചെലവും, ട്രഷറി തുകയും തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതും, അക്കൗണ്ടിൽ ചെലവാകാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. പൂർത്തിയാക്കാത്ത സംയുക്ത പ്രോജക്ടുകൾക്കുള്ള സ്പിൽഓവർ ബാദ്ധ്യത പ്രോജക്ടിന് പങ്കാളിത്തം വഹിക്കുന്ന തദ്ദേശസ്ഥാപനങ്ങൾ തങ്ങൾക്ക് തുടർന്ന് വരുന്ന വർഷം ലഭിക്കുന്ന അലോട്ട്മെന്റിൽനിന്നും വകയിരുത്തേണ്ടതുമാണ്. ഭാവിയിൽ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ തുക ക്രഡിറ്റ് ചെയ്യുന്നതിനു മുമ്പായി അക്കൗണ്ട് ശൂന്യമാണെന്ന് (Zero Balance) ട്രഷറി ഓഫീസർമാർ ഉറപ്പുവരുത്തണമെന്നും ടി ഉത്തരവിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഈ വിഷയം തുടർനടപടികൾക്കായി ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## <u>1-31 കരാറുകാർക്ക് സെൽഫ് ഡിക്ലറേഷൻ ഫാറം ഹാജരാക്കാതെ GST കോമ്പൻസേഷൻ അനുവദിച്ചു</u>

2020-21 സാമ്പത്തിക വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയ ഭൂരിഭാഗം മരാമത്ത് പ്രവൃത്തികൾക്കും GST ഇനത്തിൽ 12% തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ഫൈനൽ ബില്ലിനൊപ്പം കരാറുകാർക്ക് നൽകിയിട്ടുണ്ട്. സ.ഉ(അച്ചടി) നം.87/2017/തസ്വഭവ, തീ. 01.11.2017 നമ്പർ ഉത്തരവ് പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന എല്ലാ കരാറുകാരും നിർബന്ധമായും GST രജിസ്ട്രേഷൻ എടുക്കേണ്ടതും ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതുമാണ്. സ.ഉ.(സാധാ.)നം.2532/2018/തസ്വഭവ, തീ. 29.09.201 നമ്പർ ഉത്തരവ് പ്രകാരം GST കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിന് കരാറുകാർ അവരുടെ പൂർണ്ണമായ മേൽവിലാസം, GST നമ്പർ എന്നിവ ഉൾപ്പെടുത്തി ഒരു സെൽഫ് ഡിക്ലറേഷൻ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി സമർപ്പിക്കേണ്ട മാതൃകയും സർക്കാർ ഈ ഉത്തരവിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ GST കോമ്പൻസേഷൻ അനുവദിച്ചു നൽകിയിട്ടുള്ള പ്രവൃത്തികളുടെ ഫയലുകളിലൊന്നുംതന്നെ സെൽഫ് ഡിക്ലറേഷൻ ഫോറം ഹാജരാക്കിയിട്ടില്ല. താഴെ പറയുന്ന കരാറുകാർക്കാണ് വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി 12% GST കോമ്പൻസേഷൻ അനുവദിച്ചു നൽകിയിട്ടുള്ളത്.

| ക്രമ നം. | കരാറുകാരന്റെ പേര്, വിലാസം |
|---|---|
| 1 | ശ്രീ പ്രമോദ് റ്റി.പി., തൈക്കുട്ടത്തിൽ, തണ്ണിത്തോട് |
| 2 | ശ്രീ രാജേന്ദ്രൻ കെ.എൻ., കണ്ടത്തുംകരോട്ട്, തണ്ണിത്തോട് |
| 3 | ശ്രീ ബന്നി പി.ജെ. , പുതുപ്പള്ളിപടവിൽ, തണ്ണിത്തോട് |
| 4 | ശ്രീ ബൈജു പി.കെ., പ്ലാവിളവടക്കേതിൽ |
| 5 | ശ്രീ രാജേഷ് പി., മോഹനവിലാസം, തണ്ണിത്തോട് |
| 6 | ശ്രീ സജികുമാർ പി.എസ്., പുത്തൻവീട്ടിൽ, തേക്കുതോട് |
| 7 | ശ്രീ തോമസ് ജോൺ, വലിയപറമ്പിൽ വീട്, തണ്ണിത്തോട് |
| 8 | ശ്രീ എം.ശീമോൻ, സ്വാമിത്രവിളയിൽ, തണ്ണിത്തോട് |
| 9 | ശ്രീ വർഗ്ഗീസ് വി.ബി., വേങ്ങവിളയിൽ, തണ്ണിത്തോട് |
| 10 | ശ്രീ ലിന്റോ എം., സൈമൺ |
| 11 | ശ്രീ ശശിധരക്കുറുപ്പ് ജി., വൈശാഖം, പറക്കോട് |
| 12 | ശ്രീ നിധിൻ പി. എസ്., പുത്തൻവീട്ടിൽ, തേക്കുതോട് |

കരാറുകാരുടെ GST നമ്പർ രേഖപ്പെടുത്തിയ സെൽഫ് ഡിക്ലറേഷൻ ഫോറം ഓഡിറ്റിനു ഹാജരാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല. 12% GST നൽകിയ എല്ലാ മരാമത്ത് പ്രവൃത്തികളുടേയും കരാറുകാരുടെ സെൽഫ് ഡിക്ലറേഷൻ ഫോറം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 477900 | 3-ാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 477900 | 0 |
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 200000 | ആശ്രയ പദ്ധതി | 200000 | 0 |
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 231000 | ജൈവ പച്ചക്കറി കൃഷി | 231000 | 0 |
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 154930 | പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 154930 | 0 |
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 1428910 | ലൈഫ് ഭവന നിർമ്മാണം | 1428910 | 0 |
| കോന്നി ബ്ലോക്ക് പഞ്ചായത്ത് | 700000 | ലൈഫ് ഭൂരഹിതഭവനരഹിതർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം | 700000 | 0 |
| ജില്ലാ പഞ്ചായത്ത് | 2244550 | ഇടവിള കൃഷി | 2244550 | 0 |
| ജില്ലാ പഞ്ചായത്ത് | 500000 | ആശ്രയ പദ്ധതി | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 1199358 | സുഫലം-സമഗ്ര വാഴക്കൃഷി | 1199358 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് | 3-ാം വാർഡിൽ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ(44/21) | 22000750/ 11.05.2020 | 500000 | 477900 | 22100 |

| | | | | | |
|---|---|---|---|---|---|
| ഇലക്ട്രിസിറ്റി ബോർഡ് | | | | | |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | താഴെ പൂച്ചക്കുളം റോഡിൽ നടരാജവിലാസം പടിസ്ട്രീറ്റ് ലൈൻ നീട്ടൽ(45/21) | 22000729/ 10.05.2020 | 89953 | 89953 | 1453 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വിവിധ വാർഡുകളിൽ തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ(218/21) | 22000803/ 11.11.2020 | 1052407 | 1052407 | 0 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | തേക്ക് തോട് – ഉമ്പാക്കുളം സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ(വാർഡ്-4) (326/21) | 22001087/ 12.03.2021 | 155000 | 153400 | 0 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | തണ്ണിത്തോട് മാർക്കറ്റിന് സമീപം ഇലകിടിക്കൽ ലൈൻ നീട്ടൽ(328/21) | 22000801/ 05.11.2020 | 41360 | 41360 | 0 |
| കേരള വാട്ടർ അതോറിറ്റി | എലിമുള്ളുംപ്ലാക്കൽ കുടിവെള്ള പദ്ധതി(വാർഡ് 10) (336/21) | 22001038/ 25.02.2021 | 2800000 | 2800000 | 0 |
| കേരള വാട്ടർ അതോറിറ്റി | ജലജീവൻ മിഷൻ പദ്ധതി(346/21) | 22001039/ 25.02.2021 | 783884 | 470330 | 313554 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | കെ.യു.ആർ.ഡി.എഫ്.സി | 1864550 | 1864550 | 512040 | - | 1352510 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2018-19 | 1-12&1-19 | 472 | ഡോ ബിനിരാജ്, വെറ്ററിനറി സർജൻ | 120020100446 തീയതി 21.08.2020 |
| 2018-19 | 1-21 | *11072 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ചെലാൻ നം:-- 07020885202021/M തീയതി 26.08.2020 |

* ടി തുക നേരിട്ട് നിർവ്വഹണോദ്യോഗസ്ഥ ബന്ധപ്പെട്ട കൺസോളിഡേറ്റഡ് ഫണ്ടിന്റെ ROP ശീർഷകത്തിൽ ഒടുക്ക് വരുത്തിയിട്ടുള്ളതാണ്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ക്രമ നം | ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 2004-05 | 1-1(1)(1) | 2004-05 | 1.1(1)(1) | മരാമത്ത് പണികൾ(പൊതു പരാമർശം) | നിലനിൽക്കുന്നു |
| 2 | 2004-05 | 1-11 | 2004-05 | 1.11 | നികുതികളും വിഹിതങ്ങളും ഒടുക്ക് വരുത്തുന്നില്ല (പൊതു പരാമർശം) | നിലനിൽക്കുന്നു |
| 3 | 2004-05 | 2-2 | 2004-05 | 2.2 | നിക്ഷേപ പദ്ധതികൾ പൂർത്തിയാക്കിയില്ല (പൊതു പരാമർശം) | നിലനിൽക്കുന്നു |
| 4 | 2004-05 | 2-3 | 2004-05 | 2.3 | തൊഴിൽ സംരംഭങ്ങൾ അടച്ചു പൂട്ടിയത് (പൊതുപരാമർശം) | നിലനിൽക്കുന്നു |
| 5 | 2004-05 | 2-4 | 2004-05 | 2.4 | കാർഷിക യന്ത്രവൽക്കരണം (പൊതുപരാമർശം) | നിലനിൽക്കുന്നു |
| 6 | 2007-08 | 3-13 | 2007-08 | 3.13 | തെരുവ് വിളക്ക് മീറ്റർ, ഡെപ്പോസിറ്റ് വർക്കുകളുടെ ധന വിനിയോഗ സർട്ടിഫിക്കറ്റ്, നികുതി പിരിവ് (പൊതുപരാമർശം) | നിലനിൽക്കുന്നു |
| 7 | 2011-12 | 2-3 | 2011-12 | 2-3 | നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച (പൊതു പരാമർശം) | നിലനിൽക്കുന്നു |
| 8 | 2014-15 | 2-1 | 2014-15 | 2.1 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തത് സംബന്ധിച്ച് | നിലനിൽക്കുന്നു |
| 9 | 2014-15 | 2-2 | 2014-15 | 2-2 | സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് | നിലനിൽക്കുന്നു |
| 10 | 2015-16 | 2-2 | 2015-16 | 2-2 | തൊഴിൽ നികുതി | നിലനിൽക്കുന്നു |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ഈടാക്കിയിട്ടില്ലാത്തത് സംബന്ധിച്ച് | |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 98150939 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 91533511 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 520000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-12(4) | 30000 | ഡോ. ബിനിരാജ്, വെറ്ററിനറി സർജൻ |
| 1-20 | 200000 | ശ്രീ. സിബി മാത്യൂസ്, വി.ഇ.ഒ |
| 1-24 | 290000 | ഡോ.അരുൺ പ്രതാപ് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര് | ഉദ്യോഗപ്പേര് | വിലാസം |
|---|---|---|
| ഡോ. ബിനിരാജ് | വെറ്ററിനറി സർജൻ | ലൈലാലയം വെഞ്ഞാറമ്മൂട് പി.ഒ തിരുവനന്തപുരം, 695605 |
| സിബി മാത്യൂസ് | വി.ഇ.ഒ | ആലുമൂട്ടത്ത് ഹൗസ് ഏലിക്കോട് പി.ഒ പുനലൂർ, 691322 |
| ഡോ.അരുൺ പ്രതാപ് | എം.ഒ, പി.എച്ച്.സി | കണ്ടെത്തിൻ പറമ്പിൽ കോട്ടപുരം റോഡ് അരൂർ പി.ഒ ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ. എഫ് പി റ്റി എ പി 2/ 543/03 തീയതി 15.10-2004 | 3 |
| 1999-00 | എൽ. എഫ് പി റ്റി എ പി2/640/03 തീയതി 18-10-2004 | 1 |
| 2000-01 | എൽ. എഫ് പി റ്റി എ പി2/639/03 തീയതി 28-10-2004 | 9 |
| 2001-02(ജ ആ) | എൽ. എഫ് പി റ്റി എ പി 2/643/03 തീയതി 28-10-04 | 2 |
| 2001-02 (വരവ്) | എൽ. എഫ് പി റ്റി എ പി 9/745/08 തീയതി 23-04-09 | 1 |
| 2002-03 (വരവ്) | എൽ. എഫ് പി റ്റി എ പി 9/746/08 തീയതി 31-05-09 | 16 |
| 2002-03 (ചെലവ്) | എൽ. എഫ് പി റ്റി എ പി3/ 829/07തീയതി 17-03-08 | 1 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി7/203/10 തീയതി 13-1-11/22-3-12 | 1 |
| 2004-05 | എൽ.എഫ് പി.റ്റി.എ-പി9/204/10 തീയതി 11-1-11/17-4-12 | 3 |
| 2005-06 | എൽ. എഫ് പി.റ്റി.എ-പി9/970/11 തീയതി 12-12-11/2-5-12 | 2 |
| 2006-07 | എൽ. എഫ് പി റ്റി എ പി9/971/11 തീയതി 12-12-11 | 3 |
| 2007-08 | എൽ.എഫ് പി.റ്റി.എ-പി9/242/12 തീയതി 14-5-12/16-11-12 | 4 |
| 2008-09 | എൽ. എഫ് പി റ്റി എ പി 9/ 243/12 തീയതി 06-06-12 | 3 |
| 2009-10 | എൽ. എഫ് പി റ്റി എ പി 9/ 262/12 തീയതി 06-06-12 | 11 |
| 2010-11 | എൽ. എഫ് പി റ്റി എ പി 9/ 606/13 തീയതി 21-10-13 | 5 |
| 2011-12 | എൽ. എഫ് പി റ്റി എ പി 9/ 607/13 തീയതി 30-11-13 | 6 |
| 2012-13 | എൽ. എഫ് പി.റ്റി.എ-പി9/261/15 തീയതി 15-7-15/21-7-15 | 16 |
| 2013-14 & 2014-15 | എൽ. എഫ് പി റ്റി എ പി 9/929/16 തീയതി 6.2.2016 | 14 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ പി9/1450/16 തീയതി 20-01-2017 | എല്ലാ ഖണ്ഡികകളും |
| 2016-17 | കെ.എസ്.എ.പി.റ്റി.എ പി9/1133/17 തീയതി 19-10-2017 | എല്ലാ ഖണ്ഡികകളും |
| 2017-18 | കെ.എസ്.എ.പി.റ്റി.എ പി9/1626/18 | എല്ലാ ഖണ്ഡികകളും |

| | | |
|---|---|---|
| | തീയതി 07-01-2019 | |
| 2018-19 | കെ.എസ്.എ.പി.റ്റി.എ പി9/199/20<br>തീയതി 20.03.2020 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ.പി.റ്റി.എ പി9/607/21<br>തീയതി 01.10.2021 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്